


# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വട്ടവട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-402/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 03/05/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വട്ടവട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-402/2023 തീയ്യതി: 03/05/2023

# ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-12-2021 മുതൽ 09-04-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 10-04-2023 | 18-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-04-2023 | 19-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ.
ശ്രീ. എം.എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ.
ശ്രീ. ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീ. അബ്ദുൾ അലി കുന്നൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീ. വിഷ്ണു പി. കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗണപതി അമ്മാൾ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ആർ നന്ദകുമാർ | സെക്രട്ടറി | 01-04-2021 | 05-01-2022 |
| ശ്രീ.ജബരാജ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-01-2022 | 16-01-2022 |
| ശ്രീ.ജോർജ്.വി | സെക്രട്ടറി | 17-01-2022 | 22-02-2022 |
| ശ്രീ.രാജു.ഇ.കെ | സെക്രട്ടറി | 23-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.അന്ന സുരേന്ദ്രൻ. | മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ | 01-04-2021 | 31-03-2022 |
| ഡോ.ശ്രീധരൻ.കെ.എസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.അപ്പു ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 28-06-2021 |
| ഡോ.സുരഭി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 29-06-2021 | 20-07-2021 |
| ഡോ.ധന്യ.സി.ഡി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 21-07-2021 | 31-03-2022 |
| ഡോ.നികേഷ് കിരൺ | വെറ്റിനറി സർജൻ | 01-04-2021 | 16-09-2021 |
| ഡോ.മീനമ്മാൾ | വെറ്റിനറി സർജൻ | 17-09-2021 | 20-12-2021 |
| ഡോ.ബിനിൽരാജ് | വെറ്റിനറി സർജൻ | 21-12-2021 | 31-03-2022 |
| ശ്രീ വേണുഗോപാൽ കെ.ജി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 21-12-2021 |
| ശ്രീ.ബാബു പ്രസാദ് | അസിസ്റ്റന്റ് എഞ്ചിനിയർ | 22-12-2021 | 31-03-2022 |
| ശ്രീമതി.രജനി.വി.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 08-11-2021 |
| ശ്രീമതി.ജയ.കെ.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 09-11-2021 | 31-03-2022 |
| ശ്രീമതി.ബീന.ആർ | കൃഷി ഓഫീസർ | 01-04-2021 | 01-10-2021 |
| ശ്രീമതി.ആതിര കെ ഷാജി | കൃഷി ഓഫീസർ | 02-10-2021 | 31-03-2022 |
| ശ്രീ. രാജേഷ്. കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 22-04-2021 |
| ശ്രീ. മാത്യു പി. സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23-04-2021 | 06-07-2021 |

| | | | |
|---|---|---|---|
| ശ്രീ. രാജേഷ്. കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 07-07-2021 | 25-08-2021 |
| ശ്രീ. ജിതിൻ കെ. മങ്ങാട് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 26-08-2021 | 31-03-2022 |
| ശ്രീ. ജബരാജ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ | 1-3-1 |
| 5 | മെയിന്റനൻസ് ഫണ്ട് - ചെലവ് നിശ്ചിത ശതമാനം കൈവരിക്കാത്തതിനാൽ നഷ്ടം | 1-3-2 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | പദ്ധതി നിർവ്വഹണം, മോണിട്ടറിംഗ് എന്നിവയിലെ അപാകതകൾ | 1-4-1 |
| 8 | ലൈഫ് ഭവന പദ്ധതി വായ്പ - പദ്ധതി പ്രവർത്തനങ്ങളുടെ താളം തെറ്റിക്കുന്നു | 1-4-2 |
| 9 | കൃഷി-മൃഗ സംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം | 1-4-3 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 11 | ക്ഷേമ പദ്ധതികൾ | 1-6 |
| 12 | കാഷ് പരിശോധന | 1-7 |
| 13 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 14 | കോറം തികയാതെ ഭരണസമിതി യോഗങ്ങൾ ചേരുന്നു | 1-8-1 |
| 15 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-9 |
| 16 | വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല | 1-10 |
| 17 | വാടക ഇനത്തിൽ കുടിശ്ശിക | 1-11 |
| 18 | കെട്ടിട നിർമ്മാണ അനുമതി നൽകൽ - ചട്ടം പാലിച്ചില്ല | 1-12 |
| 19 | ലൈഫ് ഭവന പദ്ധതി - നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ | 1-13 |
| 20 | തൻവർഷം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത ജില്ലാ പഞ്ചായത്ത് വിഹിത കണക്കുകളിൽ വ്യക്തതയില്ല | 1-13-1 |
| 21 | ലൈഫ് ഭവന പദ്ധതി - സബ്സിഡി പരിധി അതിലംഘിച്ച് ധനസഹായം അനുവദിച്ചു | 1-13-2 |
| 22 | ലൈഫ് ഭവന പദ്ധതി - ഹഡ്കോ വായ്പ - സംസ്ഥാന സർക്കാർ - ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-13-3 |
| 23 | വട്ടവട മാതൃകാഗ്രാമം പദ്ധതി നിർജ്ജീവം - പദ്ധതിയ്ക്കായി ചെലവഴിച്ച ഒരു കോടിയോളം പാഴായി | 1-14 |
| 24 | വട്ടവട ഖരമാലിന്യ നിർമ്മാർജ്ജനം - ആസൂത്രണമില്ലാതെ തുക ചെലവഴിച്ചിരിക്കുന്നു | 1-15 |

| | | |
|---|---|---|
| 25 | ഇ-ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്നില്ല | 1-16 |
| 26 | മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-17 |
| 27 | ഇലക്ഷൻ നിക്ഷേപം ഉൾപ്പെടെ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല | 1-18 |
| 28 | ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറിയുടെ വാടകക്കരാർ ചമയ്ക്കാൻ തനത് ഫണ്ട് വിനിയോഗിച്ചു | 1-19 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 16.02.2021 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 22.02.2021-ലെ 1-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം നേടി. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2021-22-ലെ ബജറ്റ് | 2021-22-ലെ പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 16.02.2021 ലെ 1-ാം നമ്പർ തീരുമാനം | 14.03.2022 ലെ 2-ാം നമ്പർ തീരുമാനം |
| പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം | 22.02.2021-ലെ 1-ാം നമ്പർ തീരുമാനം | 15.03.2022-ലെ 2(1)-ാം നമ്പർ തീരുമാനം |
| മുന്നിരിപ്പ് | ₹4,13,87,023/- | ₹2,32,328/- |
| ആകെ വരവ് | ₹19,07,92,589/- | ₹6,59,88,637/- |
| ആകെ ചെലവ് | ₹13,62,92,800/- | ₹5,27,21,875/- |
| മിച്ചം | ₹9,58,86,812/- | ₹1,34,99,090/- |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 22-06-2022 (എയിംസിൽ സമർപ്പിച്ചത്) | -- | -- |

### 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | -- | 13292913 | 13292913 | 12541730 | |
| വികസനഫണ്ട് – എസ്.സി.പി. | - | 3055808 | 3055808 | 3048000 | |
| വികസനഫണ്ട് – ടി.എസ്.പി. | - | 2557800 | 2557800 | 2467333 | |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | - | 4570818 | 4570818 | 1791926 | 2778892 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | | 4272689 | 4272689 | 1976483 | 2296206 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | - | 1271000 | 1271000 | 542572 | |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | - | 4818000 | 4818000 | 1850972 | |
| ഐ.സി.ഡി.എസ്. (320100121) | 670946 | 365075 | 1036021 | 673055 | 362966 |
| വെസ്റ്റേൺഘട്ട് (320100119) | 533221 | 21542 | 554763 | 0 | 554763 |
| ശുചിത്വ മിഷൻ (320200322) | 739074 | 130000 | 869074 | 130000 | 739074 |
| ജലനിധി (320300102) | 354543 | 1567145 | 1921688 | 0 | 1921688 |
| കേരളോത്സവം (320200323) | 10000 | 0 | 10000 | 0 | 10000 |
| ലൈഫ് സംസ്ഥാന വിഹിതം (320300199) | 39137022 | 8840550 | 47977572 | 11760000 | 36217572 |
| വട്ടവട മാതൃക ഗ്രാമം (320200106) | 22400000 | 0 | 22400000 | 0 | 22400000 |

## 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1. വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി., ടി.എസ്.പി.) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച വേളയിൽ അംഗൻവാടി ഹോണറേറിയം വിഹിതം, ലൈഫ് ലോൺ തിരിച്ചടവ് വിഹിതം എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. പ്രസ്തുത തുക ഉൾപ്പെടുത്തിയാണ് ഖ.1-3ൽ ഗ്രാന്റ് കണക്കാക്കിയിട്ടുള്ളത്.

2. സ.ഉ.(സാധാ)നം. 5450/2021/ധന തീയതി. 12 ആഗസ്റ്റ് 2021, സ.ഉ.(സാധാ)നം. 1345/2022/ധന. തീയതി. 26 ഫെബ്രുവരി 2022 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം യഥാക്രമം ₹1,31,066/-, ₹52,985/- എന്നിങ്ങനെ തുകകൾ ലൈഫ് ഭവന പദ്ധതി ലോൺ തിരിച്ചടവിലേയ്ക്ക് കുറവ് ചെയ്തതിന് ശേഷമാണ് റോഡിതര മെയിന്റനൻസ് ഫണ്ട് പഞ്ചായത്തിന് അനുവദിച്ചിരിക്കുന്നത്. എന്നാൽ ടി കുറവ് ചെയ്ത തുകകൾക്ക് പ്രോജക്ട് എടുത്തിട്ടില്ല എന്ന് കാണുന്നു.

3. സ.ഉ.(സാധാ)നം. 1345/2022/ധന. തീയതി. 26 ഫെബ്രുവരി 2022 പ്രകാരം വട്ടവട ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷ റോഡിതര മെയിന്റനൻസ് ഫണ്ട് ₹48,18,000/- ആയി പുനർ നിശ്ചയിച്ചിരുന്നുവെങ്കിലും ആയത് കണക്കിലെടുക്കാതെ ₹50,18,468/- എന്ന തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചേർത്തിരിക്കുന്നത്

## 1-3-2 മെയിന്റനൻസ് ഫണ്ട് - ചെലവ് നിശ്ചിത ശതമാനം കൈവരിക്കാത്തതിനാൽ നഷ്ടം

15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ള. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം തുക ലാപ്സായിട്ടുണ്ട്.

| | അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 1271000 | 542572 | 728428 | 42.7 | 254200 | 474228 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 4818000 | 1850972 | 2967028 | 38.4 | 963600 | 2003428 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ | പദ്ധതി അടങ്കൽ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി ചെലവ് | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 90 | 143234957 | 43 | 26556247 | 20 | 47 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ | നടപ്പാക്കിയവ പദ്ധതികളുടെ % | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് % |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫിസർ (ആരോഗ്യം) | 9 | 4 | 44.44 | 2296809 | 202686 | 8.82 |
| മെഡിക്കൽ ഓഫിസർ (ഹോമിയോ) | 2 | 2 | 100.00 | 70000 | 66580 | 95.11 |
| മെഡിക്കൽ ഓഫിസർ (ആയുർവ്വേദം) | 1 | 1 | 100.00 | 100000 | 100000 | 100.00 |
| വെറ്ററിനറി സർജൻ | 1 | 1 | 100.00 | 100000 | 100000 | 100.00 |
| വി.ഇ.ഒ. | 4 | 1 | 25.00 | 94050000 | 1580000 | 1.68 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 4 | 80.00 | 2797070 | 1267892 | 45.33 |
| സെക്രട്ടറി | 38 | 21 | 55.26 | 32032194 | 20226543 | 63.14 |
| അസി. എഞ്ചിനീയർ | 30 | 9 | 30.00 | 11788884 | 3012546 | 25.55 |
| ആകെ | 90 | 43 | 47.78 | 143234957 | 26556247 | 18.54 |

തൻ വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയുടെ 18.54% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. ആകെ തയ്യാറാക്കിയ 90 പദ്ധതികളിൽ 48% പദ്ധതികൾ മാത്രമാണ് നടപ്പാക്കാൻ സാധിച്ചിട്ടുള്ളത്.

മേഖല തിരിച്ചുള്ള ചെലവ് വിശദാംശങ്ങൾ

| വിഭാഗം | മേഖല | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പൊതുവിഭാഗം | ഉല്പാദനം | 2692780 | 100000 | 3.71 |
| പൊതുവിഭാഗം | സേവനം | 70578954 | 18568333 | 26.31 |
| പൊതുവിഭാഗം | പശ്ചാത്തലം | 6436223 | 2049526 | 31.84 |
| പട്ടികജാതി വിഭാഗം | സേവനം | 26504667 | 3169803 | 11.96 |
| പട്ടിക വർഗ്ഗ വിഭാഗം | സേവനം | 36602333 | 2668585 | 7.29 |
| പട്ടിക വർഗ്ഗ വിഭാഗം | പശ്ചാത്തലം | 420000 | 0 | 0.00 |
| | ആകെ | 143234957 | 26556247 | 18.54 |

1-4-1 പദ്ധതി നിർവ്വഹണം, മോണിട്ടറിംഗ് എന്നിവയിലെ അപാകതകൾ

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കണ്ടതാണ്.

വാർഷിക പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതിയും കാര്യക്ഷമതയും കൈവരിച്ചിട്ടില്ല. നൂതനമായ അനേകം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗ്ഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന ശൈലിയിലുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്യുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.

ഉത്പാദന മേഖലയിൽ നിർണ്ണായക പങ്ക് വഹിക്കേണ്ട കൃഷി ഓഫീസറുടെ സേവനം പൂർണ്ണമായും ഒഴിവാക്കുകയും വെറ്ററിനറി സർജന്റെ സേവനം മരുന്ന് വാങ്ങലിൽ മാത്രമൊതുക്കിയതും വാർഷിക പദ്ധതി നിർവ്വഹണത്തിലെ വലിയ പോരായ്മയായി.

പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. ഉത്പാദന മേഖലയിലെ വളരെ പരിമിതമായ ചെലവ് ശതമാനം ഈ വസ്തുത ശരി വെയ്ക്കുന്നതാണ്.

ലൈഫ് ഭവന പദ്ധതിക്കായി വൻ തോതിൽ വായ്പ സ്വീകരിച്ചത് വാർഷിക പദ്ധതിയെ സാരമായി ബാധിച്ചു. വായ്പ തിരിച്ചടവിനത്തിൽ 70 ശതമാനത്തോളം തുകയാണ് സർക്കാർ ഗ്രാന്റുകൾ അനുവദിച്ചപ്പോൾ സ്രോതസിൽ നിന്ന് കുറവ് വരുത്തിയത്.

ലൈഫ് ഭവന പദ്ധതിയിലെ ഗുരുതരമായ ക്രമക്കേടുകൾ മൂലം യഥാർത്ഥ ഗുണഭോക്താക്കൾക്ക് പോലും സമയബന്ധിതമായി തുക അനുവദിക്കാനാകാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഇത് സംബന്ധിച്ച വിശദ പരാമർശം ഈ റിപ്പോർട്ടിൽ അന്യത്ര നൽകിയിട്ടുള്ളത് കാണുക.

1-4-2 ലൈഫ് ഭവന പദ്ധതി വായ്പ - പദ്ധതി പ്രവർത്തനങ്ങളുടെ താളം തെറ്റിക്കുന്നു

ഗ്രാമപഞ്ചായത്ത് 2017-18 മുതൽ ഏറ്റെടുത്തിട്ടുള്ള ലൈഫ് ഭവന പദ്ധതിയ്ക്കായി തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിലെ ആളുകളുടെ എണ്ണത്തിന് അനുസരിച്ച് സ്വീകരിച്ച ഭീമമായ ഹഡ്കോ വായ്പയുടെ ഭാരം ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. 2011-ലെ സെൻസസ് കണക്കുകൾ പ്രകാരം ജനസംഖ്യ കേവലം 4850 ആയിരിക്കെ പദ്ധതിയുടെ ആദ്യ ഘട്ടങ്ങളുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടത് 789 പേരാണ്. ഇവരിൽ 698 പേർ (പൊതുവിഭാഗം 503 + പട്ടികജാതി 95 + പട്ടിക വർഗം 100) ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട് ഗൃഹ നിർമാണത്തിനുള്ള വിവിധ ധനസഹായ ഗഡുക്കൾ കൈപ്പറ്റി. ഗ്രാമപഞ്ചായത്ത് സംസ്ഥാന ലൈഫ് മിഷന് കൈമാറിയ കണക്കുകളനുസരിച്ച് ആകെ 582 പേർ ഗൃഹ നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ 22.07.2022-ൽ വട്ടവട ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ. ആയി ചുമതലയേറ്റ ഉദ്യോഗസ്ഥൻ നടത്തിയ ഫീൽഡ് പരിശോധനയിൽ വീടിന്റെ പണി പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ യഥാർത്ഥ എണ്ണം 381 മാത്രമാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. ഈ മേഖലയിൽ നടന്ന ഗുരുതരമായ ക്രമക്കേടുകൾ സംബന്ധിച്ച് അന്യത്ര നൽകിയിട്ടുള്ള ഓഡിറ്റ് പരാമർശവും ഇതോടുചേർത്ത് കാണേണ്ടതാണ്. ലൈഫ് ഭവന പദ്ധതിക്ക് വിവിധ സ്രോതസുകളിൽ നിന്ന് ലഭ്യമാകുന്ന ധനസഹായത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 18.02.2019-ലെ 752/DB1/2018/തീ. 18.02.2019 നമ്പർ സർക്കുലർ അനുസരിച്ചുള്ളത്).

| ഇനം | തുക ₹ |
|---|---|
| തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം | 80000 |
| സംസ്ഥാന വിഹിതം | 100000 |
| ഹഡ്കോ വായ്പ | 200000 |
| ആകെ | 400000 |

പണി പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ യഥാർത്ഥ എണ്ണം 381 മാത്രമായിരിക്കെ 582 പേർ എന്ന തെറ്റായ കണക്ക് ലൈഫ് മിഷന് കൈമാറി അവർക്ക് നൽകേണ്ട വായ്പ തുകയും സംസ്ഥാന വിഹിതവും ഇതിനോടകം കൈപ്പറ്റി ഏതാണ്ട് പൂർണ്ണമായും വിനിയോഗിച്ചു. 15.312 കോടി രൂപയാണ് യഥാർത്ഥത്തിൽ പാസ്സാക്കിയ വായ്പ. അതിൽ നിന്ന് 2021-22 വരെ 11.55 കോടി പിൻവലിച്ചു. ലഭ്യമായ

ഫണ്ടുകൾ യഥേഷ്ടം വിനിയോഗിച്ചതിനാൽ നിലവിൽ പ്രവൃത്തിയുടെ ഓരോ ഘട്ടവും പൂർത്തീകരിച്ചെത്തുന്ന ഗുണഭോക്താക്കൾക്ക് ധനസഹായത്തിന്റെ അടുത്ത ഗഡു അനുവദിക്കാനാവാത്ത സാഹചര്യമുണ്ട്. LIFE-ന്റെ അടുത്ത ഘട്ടമായ ലൈഫ് 2020-യുടെ അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഇപ്പോൾ ഉൾപ്പെട്ടിട്ടുള്ളത് 603 ഗുണഭോക്താക്കളാണെന്ന വസ്തുത ഗ്രാമപഞ്ചായത്ത് ഇനിയും വഹിക്കേണ്ടി വരുന്ന വായ്പ ബാധ്യതയുടെ വലുപ്പം വ്യക്തമാക്കുന്നതാണ്.

വായ്പ തിരിച്ചടവിനത്തിൽ സർക്കാർ ഗ്രാന്റിന്റെ സിംഹഭാഗവും സ്രോതസ്സിൽ നിന്ന് വസൂലാക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനം ഏതാണ്ട് പൂർണ്ണമായും സ്തംഭിച്ച അവസ്ഥയിലാണ്. അനിവാര്യമായ വകയിരുത്തലിൽ ഉൾപ്പെട്ട അംഗൻവാടി പോഷകാഹാര പരിപാടി, പാലിയേറ്റീവ് കെയർ എന്നിവയ്ക്ക് പോലും തുക കണ്ടെത്താൻ കഴിയാതിരുന്നത് മൂലം 2021 ഓഗസ്റ്റ് മാസം വരെയുള്ള ചെലവുകളാണ് തൻവർഷം വഹിക്കാൻ കഴിഞ്ഞത്. തൻവർഷത്തെ ഗ്രാന്റ് അലോട്ട്മെന്റും അതിൽ നിന്ന് ലൈഫ് വായ്പ തിരിച്ചടവിനത്തിൽ വസൂലാക്കിയ തുക സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാന്റ് | അലോട്ട്മെന്റ് തുക ₹ | ലൈഫ് വായ്പ തിരിച്ചടവിനത്തിൽ വസൂലാക്കിയ തുക ₹ |
|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 13292913 | 11091200 |
| വികസന ഫണ്ട് (പട്ടികജാതി ഘടക പദ്ധതി) | 3055808 | 2654668 |
| വികസന ഫണ്ട് (പട്ടികവർഗ ഉപ പദ്ധതി) | 2557800 | 2467333 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം) | 4818000 | 184051 |
| ആകെ | 23694521 | 16397252 |
| ആകെ വസൂലാക്കിയ തുകയുടെ ശതമാനം | 69.20% | |

തനത് വരുമാന സ്രോതസ്സുകൾ തുലോം പരിമിതവും സർക്കാർ അനുവദിക്കുന്ന വിടവ് നികത്തൽ ഫണ്ട് മാത്രം ആശ്രയിച്ച് നിത്യ നിദാനച്ചെലവുകൾ നടത്തി വരുന്നതുമായ ഗ്രാമ പഞ്ചായത്തിന് വാർഷിക പദ്ധതിക്ക് തനത് ഫണ്ട് വകയിരുത്താൻ കഴിയാത്തതിനാൽ അനിവാര്യ ചുമതലകളോ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനോ സാധിക്കാതെ, ഏറ്റെടുക്കുന്ന പ്രോജക്ടുകൾ ഭ്രൂണാവസ്ഥയിൽ ഉപേക്ഷിക്കേണ്ട ഗതികേടിലാണ്. പ്രോജക്ടുകൾ ഫണ്ട് ലഭ്യതയില്ലായ്മകൊണ്ട് സ്പിൽ ഓവറായി മാറുന്നതിനാൽ നൂതനമായ ഒരു പ്രോജക്ടും ആവിഷ്കരിക്കാനാവുന്നില്ല. ഒപ്പം തന്നെ ഫണ്ട് ഷോർട്ട് ഫോളിന്റെ ഭീഷണിയും ഗ്രാമപഞ്ചായത്ത് നേരിടുന്നു.

ഈ വിഷയം സർക്കാർ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ പരിഹാരം കണ്ടെത്തി വിവരം

അറിയിക്കേണ്ടതാണ്. ഭരണ സമിതി, ഭരണ വകുപ്പ് എന്നിവരുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-4-3 കൃഷി-മൃഗ സംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം

വട്ടവട ഗ്രാമപഞ്ചായത്തിൽ പച്ചക്കറി കൃഷിയെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്ന തമിഴ് വംശജരാണ് ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും. ശീതകാല പച്ചക്കറി കൃഷിയുടെ കേന്ദ്രമായാണ് ഗ്രാമപഞ്ചായത്ത് വിശേഷിപ്പിക്കപ്പെടുന്നത്. കാരറ്റ്, കാബേജ്, ഉരുളക്കിഴങ്ങ്, വെളുത്തുള്ളി, ബട്ടർബീൻസ് തുടങ്ങിയ പച്ചക്കറിയിനങ്ങൾ, സ്ട്രോബറി, പാഷൻഫ്രൂട്ട് പോലുള്ള പഴങ്ങൾ, വെളുത്തുള്ളി, കോവിഡ് കാലത്ത് കൃഷി ചെയ്യാൻ ആരംഭിച്ച ഭക്ഷ്യധാന്യമായ റാഗി തുടങ്ങിയവയാണ് ഇവിടുത്തെ പ്രധാന കാർഷിക വിളകൾ. ഇതിൽ "വട്ടവട വെളുത്തുള്ളി " അടുത്ത കാലത്ത് ഭൗമസൂചികയിൽ ഇടം തേടിയ വിവരം പ്രത്യേകം പ്രസ്താവ്യമാണ്. ഗ്രാന്റിസ് തോട്ടങ്ങളും നിക്ഷിപ്ത വനഭൂമിയും ഒഴിവാക്കിയാൽ 67 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ജനങ്ങൾ തങ്ങളുടെ കൃഷിഭൂമിയായി പരിവർത്തനപ്പെടുത്തിക്കഴിഞ്ഞു. കാലാവസ്ഥയ്ക്ക് അനുയോജ്യമായി വിളകൾ മാറി മാറി കൃഷി ചെയ്ത് വരുന്നതിനാൽ മികച്ച വിളവും അവർക്ക് ലഭിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ജൈവവൈവിധ്യവും കാർഷിക മേഖലയിലെ സാധ്യതകളും സമഗ്ര പഠനങ്ങൾക്ക് വിധേയമാക്കി ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിദഗ്ധ ഉപദേശങ്ങൾ നൽകുന്നതിനുമായി പ്രസ്തുത വിഷയങ്ങളിൽ വൈദഗ്ദ്യവും പരിചയസമ്പത്തും നേടിയ കൃഷി ഓഫീസറുടെ സേവനം ലഭിക്കുന്നുണ്ട്. വിളകളുടെ വിപണനം നിർവ്വഹിക്കുന്നതിലും കർഷകർക്ക് യഥാർത്ഥ ഫലം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിലും കൂടുതൽ ശ്രദ്ധ ഉണ്ടാകേണ്ടതാണ്. കർഷകർ ജൈവകൃഷി രീതികളിലേക്ക് മാറിയതിനാൽ മൃഗസംരക്ഷണ മേഖലയ്ക്കും സ്വാഭാവികമായി ഏറെ പ്രാധാന്യം കൈവന്നു. പ്രസ്തുത മേഖലയിലും ക്ഷീരവികസന മേഖലയിലും ശാസ്ത്രീയ പരിശീലനം, വൈദഗ്ദ്യം, അനുഭവസമ്പത്ത് എന്നിവ കൈമുതലായുള്ള വെറ്ററിനറി സർജൻ വളരെ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ കൃഷി, മൃഗസംരക്ഷണ മേഖലയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന പ്രസ്തുത നിർവ്വഹണ ഉദ്യോഗസ്ഥരുടെ പങ്ക് വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആസൂത്രണ മീറ്റിംഗുകളിലും പഞ്ചായത്ത് സമിതി യോഗങ്ങളിലും അവരുടെ സാന്നിദ്ധ്യം ഉറപ്പാക്കേണ്ടതും നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതുമാണ്. ബന്ധപ്പെട്ട വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികളിൽ ഇരട്ടിപ്പ് വരാതെ ആവശ്യമായ പദ്ധതികൾ നടപ്പാക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

1-5 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| എസ്റ്റാബ്ലിഷ്മെന്റ് | 822466 | 1714114 | 2536580 | 2511070 | 25510 |
| തൊഴിലാളികളുടെ കൂലി | | 62231956 | 62231956 | 62231956 | |

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാ പെൻഷൻ | 2,935,800.00 | 187 |
| വാർദ്ധക്യ കാല പെൻഷൻ | 6,749,800.00 | 441 |
| വികലാംഗ പെൻഷൻ | 790,400.00 | 50 |

## 1-7 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.04.2023-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹8,734/- (എണ്ണായിരത്തി എഴുന്നൂറ്റി മുപ്പത്തിനാല് രൂപ മാത്രം)യുടെ നീക്കിയിരിപ്പ് കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രസക്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്.

. ഭരണ സമിതി-സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തീരുമാനങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ക്വോറം തികയാത്ത സന്ദർഭത്തിൽ യോഗം റദ്ദ് ചെയ്യാതെ തീരുമാനം കൈക്കൊണ്ട് ബഹു. നിയമസഭ സമിതിയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമം നടന്നതും ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്

. വളരെ പരിമിതമായ വരുമാന സ്രോതസുകൾ മാത്രമാണ് ഗ്രാമ പഞ്ചായത്തിനുള്ളത്. എന്നാൽ അവ പരമാവധി ചൂഷണം ചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. പിരിവ് ശതമാനവും വരവിനങ്ങളിലെ വൻ കുടിശ്ശികയും അക്കാര്യം സ്ഥിരീകരിക്കുന്നു.

. വാർഷിക കണക്കുകളിലെ വിവിധ നികുതി-നികുതിയിതര വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളെ സാധൂകരിക്കുന്ന ഡി.സി.ബി., കുടിശിക ഡി.സി.ബി. രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്തിൽ കൃത്യമായി പരിപാലിക്കുന്നില്ല. ഡി.സി.ബി., കുടിശിക ഡി.സി.ബി. രജിസ്റ്ററുകൾ തയ്യാറാക്കി വർഷാവസാനം സാമ്പത്തിക വർഷത്തെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങളുടെ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ

രേഖപ്പെടുത്തിയിരിക്കുന്ന ഡി.സി.ബി.യുടെ ആധികാരികത ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. ഉദാ: തൊഴിൽ നികുതി, ലൈസൻസ് രജിസ്റ്റർ, വസ്തു നികുതി വരവുകൾ.

സർക്കാർ ഗ്രാന്റുകളെ ആശ്രയിച്ചാണ് പഞ്ചായത്തിന്റെ ദൈനദിന ചെലവുകൾ നടന്ന് വരുന്നത്. റവന്യൂ പിരിവിലെ പുരോഗതിയില്ലായ്മ കാരണം വികസന ഫണ്ട് അലോട്ട്മെന്റിൽ പോലും കുറവ് വരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.

. ഇ-പേമെന്റിനുള്ള കറന്റ് അക്കൗണ്ടിൽ ഗണ്യമായ തുക സൂക്ഷിക്കുന്നതിനാൽ പലിശ വരവിൽ നഷ്ടം സംഭവിക്കുന്നു.

. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നു.

. ഗ്രാമപഞ്ചായത്ത് 01.04.2022-ലാണ് ILGMS സോഫ്റ്റ് വെയറിലൂടെ ഭരണ നിർവ്വഹണം ആരംഭിച്ചത്. എല്ലാ സേവനങ്ങളും ഒരു സോഫ്റ്റ്വെയറിൻ കീഴിലേക്ക് മാറുന്നുവെന്ന പ്രഖാപിത ലക്ഷ്യം ഇപ്പോഴും സാധ്യമായിട്ടില്ല. വിവിധ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി IKM തയ്യാറാക്കിയിട്ടുള്ള 17 സോഫ്റ്റ്വെയറുകളിലെ കേവലം 03 എണ്ണം മാത്രമാണ് (സാംഖ്യ, സൂചിക, സിവിൽ രജിസ്ട്രേഷൻ) ഭാഗികമായെങ്കിലും പ്രവർത്തനക്ഷമമായിട്ടുള്ളത്.

. ജനറൽ-കമ്പ്യൂട്ടർ ഹാർഡ്വെയർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻ പ്രസിഡന്റിനും സെക്രട്ടറിക്കും അനുവദിച്ച ലാപ് ടോപ്പുകളും ഘടക സ്ഥാപനങ്ങൾക്ക് വേണ്ടി വാങ്ങിയ 02 ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടറുകളും അന്യാധീനപ്പെട്ടത് ഇക്കാര്യം സ്ഥിരീകരിക്കുന്നു. ഇതിൽ 01-04-2022 മുതൽ ചുമതലയുണ്ടായിരുന്ന സെക്രട്ടറി സ്ഥലം മാറി പോയപ്പോൾ അദ്ദേഹത്തിന്റെ ഉപയോഗത്തിന് നൽകിയ ലാപ് ടോപ്പ് പുതിയ സെക്രട്ടറിക്ക് കൈമാറി നൽകിയില്ല.

. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. പ്രസ്തുത ഗ്രാന്റുകളിൽ പലതും ശമ്പളത്തിനും അനുബന്ധ ചെലവുകൾക്കുമായി ചെലവഴിച്ചത് മൂലം അവ രേഖകളിൽ മാത്രമാണ് ശേഷിക്കുന്നത്.

. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി

രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

. പട്ടികജാതി, പട്ടികവർഗ്ഗ പദ്ധതികൾ നടപ്പാക്കേണ്ട അസി. സെക്രട്ടറിക്ക് തൻവർഷം പദ്ധതി നിർവ്വഹണ ചുമതല നൽകിയിട്ടില്ല.

. സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. കോവിഡ് രോഗ ബാധയുടെ പ്രതിരോധ, പരിരക്ഷ പ്രവർത്തനങ്ങൾക്കായി വാങ്ങിയിട്ടുള്ള സാധന സാമഗ്രികളുടെ സ്റ്റോക്ക് എൻട്രി വരുത്തിയിട്ടില്ല.

. പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അപാകതകൾ ഉണ്ടായിട്ടുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വാങ്ങിയിട്ടുള്ള സാധന സാമഗ്രികളുടെ വിതരണ രേഖകൾ കൃത്യമായി പരിപാലിച്ചിട്ടില്ല. പല പർച്ചേസുകൾക്കും മുൻകൂറായി തുക അനുവദിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെയാണ് പല പർച്ചേസുകളും നടത്തിയിട്ടുള്ളത്.

. ആസ്തികളുടെ ക്രോഡീകരണം, മൂല്യനിർണ്ണയം എന്നിവ പൂർത്തിയാക്കി ധനകാര്യ പത്രികയുമായി സംയോജിപ്പിച്ചിട്ടില്ല.

. ക്രയ-വിക്രയങ്ങളില്ലാത്ത താഴെ പരാമർശിക്കുന്ന നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് കോഡ് നമ്പർ | 31.03.2021 ലെ നീക്കിയിരിപ്പ് തുക ₹ |
|---|---|---|---|
| 1 | യൂണിയൻ ബാങ്ക് | 13187 | 1741 |
| 2 | എസ്.സി.ബി. | 02 | 379 |
| 3 | എസ്.സി.ബി. | 234 | 107 |
| 4 | ഐ.ഡി.സി.ബി. | 206 | 468 |

. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ടെങ്കിലും മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം റദ്ദാക്കാത്തതിനാൽ അനർഹമായി തുക ക്രമീകരിക്കാനുള്ള സാധ്യത സംജാതമായി.

. മരണ രജിസ്ട്രേഷൻ സമയത്ത് ചെയ്യേണ്ടതായ നടപടി ക്രമങ്ങൾ സർക്കാർ നിർദ്ദേശം പാലിച്ച് നടപ്പാക്കുന്നില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ മേൽ പരാമർശിത പാളിച്ചകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-8-1 ക്വോറം തികയാതെ ഭരണസമിതി യോഗങ്ങൾ ചേരുന്നു

പഞ്ചായത്ത് രാജ് സംവിധാനത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതി യോഗം

ചേരുന്നതിനുള്ള നടപടി ക്രമങ്ങൾ 1994-കേരള പഞ്ചായത്ത് രാജ് നിയമം, 161-ാം വകുപ്പ്, 1995-ലെ കേരള പഞ്ചായത്ത് രാജ് (യോഗ നടപടി ക്രമങ്ങൾ) ചട്ടങ്ങൾ എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 7 (1) അനുസരിച്ച്, ഭരണ സമിതി യോഗത്തിന്റെ ക്വോറം ആകെ അനുവദിക്കപ്പെട്ടിട്ടുള്ള അംഗബലത്തിന്റെ മൂന്നിൽ ഒന്നാണ്(1/3). വട്ടവട ഗ്രാമ പഞ്ചായത്തിന്റെ ഭരണ സമിതിയിലെ ആകെ അംഗസംഖ്യ 13 ആകയാൽ ചട്ടപ്രകാരം യോഗം ചേരുന്നതിനുള്ള ക്വോറം അഞ്ചാണ് (4.33). ക്വോറം തികയാത്തപക്ഷം ഒരു കാരണവശാലും യോഗം ചേരാൻ പാടില്ലായെന്ന് ചട്ടം 7(2)-ൽ കർശന നിർദ്ദേശം നൽകിയിട്ടുള്ളതും പ്രത്യേകം കാണേണ്ടതുണ്ട്.

പഞ്ചായത്ത് ഭരണ സമിതിയുടെ യോഗ നടപടികൾ സുതാര്യവും സമയബന്ധിതവുമായി ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിന് വിന്യസിച്ചിട്ടുള്ള സകർമ സോഫ്റ്റ് വെയറിലാണ് തീരുമാനങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നത്. ഹാജർ ഉൾപ്പെടെയുള്ള വ്യവസ്ഥകൾ കൈകാര്യം ചെയ്യുന്നതിന് പ്രസ്തുത സോഫ്റ്റ്വെയറിൽ സംവിധാനമുള്ളതിനാൽ മാനുവലായി മിനിട്സ്, ഹാജർ രേഖകൾ തുടങ്ങിയവ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ട ആവശ്യമില്ലാത്തതാണ്. ആകയാൽ സകർമയിലെ വിവരങ്ങളാണ് യോഗനടപടി ക്രമങ്ങളുടെ ആധികാരിക രേഖയായി പരിഗണിക്കപ്പെടുന്നത്. സകർമയിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 32 യോഗങ്ങളാണ് തൻവർഷം ചേർന്നിട്ടുള്ളത്. ഹാജർ പട്ടികയിൽ പേര് ചേർത്തിരിക്കുന്ന എല്ലാ അംഗങ്ങളുടെയും പങ്കെടുത്ത സമയം ചേർക്കാത്തതോ, അവർ പങ്കെടുക്കാത്തതോ ആയി കാണുന്നു.

യോഗം ചേരുന്നതിനുള്ള നിയമപരമായ നിബന്ധന മേൽ പമാർശിച്ചതായിരിക്കെ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ ആകയുള്ള 32 യോഗങ്ങളിൽ കേവലം 06 എണ്ണം മാത്രമാണ് അവശ്യം വേണ്ട ക്വോറത്തോടെ ചേർന്നിട്ടുള്ളത്. ക്വോറമില്ലാതെ ചേർന്ന യോഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | യോഗ തീയതി | സകർമയിലെ ഹാജർ പട്ടികയിൽ പേരു ചേർത്ത അംഗങ്ങളുടെ എണ്ണം | യോഗത്തിൽ പങ്കെടുത്തതായി സകർമയിലെ ഹാജർ പട്ടികയിൽ സമയം രേഖപ്പെടുത്തിയ ആളുകളുടെ എണ്ണം | തീരുമാനമെടുത്ത അജണ്ടകളുടെ എണ്ണം |
|---|---|---|---|---|
| 1 | 09.04.2021 | 04 | 00 | 03 |
| 2 | 15.04.2021 | 05 | 00 | 02 |
| 3 | 24.04.2021 | 03 | 00 | 07 |
| 4 | 21.05.2021 | 01 | 00 | 02 |
| 5 | 24.05.2021 | 03 | 00 | 10 |
| 6 | 05.06.2021 | 06 | 00 | 03 |

| | | | | |
|---|---|---|---|---|
| 7 | 14.06.2021 | 05 | 00 | 02 |
| 8 | 24.06.2021 | 04 | 00 | 03 |
| 9 | 28.06.2021 | 05 | 00 | 12 |
| 10 | 30.06.2021 | 03 | 00 | 03 |
| 11 | 08.07.2021 | 06 | 00 | 03 |
| 12 | 23.07.2021 | 04 | 03 | 17 |
| 13 | 30.07.2021 | 10 | 00 | 03 |
| 14 | 11.08.2021 | 08 | 00 | 02 |
| 15 | 06.09.2021 | 10 | 03 | 03 |
| 16 | 05.10.2021 | 11 | 00 | 09 |
| 17 | 29.10.2021 | 04 | 00 | 03 |
| 18 | 11.11.2021 | 03 | 00 | 02 |
| 19 | 14.12.2021 | 08 | 00 | 02 |
| 20 | 05.01.2022 | 06 | 00 | 09 |
| 21 | 27.01.2022 | 03 | 00 | 02 |
| 22 | 15.03.2022 | 03 | 00 | 16 |
| 23 | 21.03.2022 | 05 | 00 | 01 |
| 24 | 21.03.2022 (അസാധാരണ യോഗം) | 05 | 00 | 01 |
| 25 | 23.03.2022 | 02 | 00 | 01 |
| 26 | 30.03.2022 | 02 | 00 | 01 |

സകർമ സോഫ്റ്റ് വെയറിലെ എന്തെങ്കിലും കുഴപ്പങ്ങളാണോ ഈ അപാകതയ്ക്ക് കാരണം എന്ന് വ്യക്തമല്ല. ക്വോറം തികയാതെയാണ് യോഗങ്ങൾ ചേർന്ന് തീരുമാനങ്ങളെടുത്തത് എങ്കിൽ ആയത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇപ്രകാരം തീരുമാനങ്ങൾ രേഖപ്പെടുത്തുന്നത് 73-ാം ഭരണ ഘടന ഭേദഗതിയിലൂടെ നിലവിൽ വന്ന പഞ്ചായത്തീരാജ് സംവിധാനത്തിന്റെ അസ്ഥിത്വത്തെ തന്നെ ചോദ്യം ചെയ്യുന്ന നടപടിയാണ്. ക്വോറം തികയാതെ സ്വീകരിച്ച തീരുമാനങ്ങൾ പൂർണ്ണമായും അസാധുവായി മാത്രം പരിഗണിക്കേണ്ടതുള്ളതിനാൽ ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണവകുപ്പ് അധികൃതരുടെ

ശ്രദ്ധയിൽപ്പെടുത്തുന്നു.

1-9 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബി-17 പത്രികയിൽ പരാമർശിക്കുന്ന ഗ്രാന്റുകളുടെ എ.സി.ആർ. ലഭ്യമായിട്ടില്ല.

2. ബി-4 പത്രികയിൽ ആകെ ബാധ്യത ₹6,57,09,831.00 ആകുന്നു. എന്നാൽ ബി-17 പത്രികയിൽ ആകെ നീക്കിയിരിപ്പ് തുക ₹1,19,08,472.00 ആകുന്നു. ₹5,38,01,359.00-യുടെ കുറവാണ് വന്നിട്ടുള്ളത്. ഇപ്രകാരം തുക കുറവ് വന്നതിന് കാരണം വ്യക്തമല്ല.ഞ്ചായത്തിന്റെ ഭൂരിഭാഗവും കാർഷിക മേഖലയാണെങ്കിലും തൻവർഷം ഒരു പദ്ധതിപോലും കാർഷിക മേഖലയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

3. വാർഷിക പത്രികയിലെ ബി-7 ഷെഡ്യൂളിൽ അക്കൌണ്ട് ഹെഡ് നം. 340109901 (Other Deposits)-ൽ ആകെ ₹65,120/- നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൌണ്ട് ഹെഡിന്റെ ലെഡ്ജറിൽ ₹42,500/- ഇലക്ഷൻ ഡെപ്പോസിറ്റും ബാക്കിതുക ₹22,620/- Project No 102/17:- IDCB (PLAN) പ്രകാരവുമുള്ള തുകയുമാകുന്നു. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇലക്ഷൻ ഡെപ്പോസിറ്റ് മാത്രം ₹66,500/- ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. വ്യത്യാസം വന്നതിന് കാരണം അറിയിക്കേണ്ടതാണ്.

4. ബാലൻസി ഷീറ്റിലെ ബി-5, ബി-16 എന്നിവ പൊരുത്തപ്പെടുന്നില്ല. ₹7,10,000/- വ്യത്യാസം വന്നിട്ടുണ്ട്. ആയതിന് കാരണം അറിയിക്കേണ്ടതാണ്.

5. ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടിംഗ് കാര്യക്ഷമമായി നടക്കുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ പരാമർശിക്കുന്നു.

എ) സംയുക്ത പദ്ധതികൾക്കുള്ള ധനസഹായം നിക്ഷേപിക്കുന്നതിന് ദേവികുളം സബ് ട്രഷറിയിൽ 799012700000964 നമ്പരായി അക്കൗണ്ട് ഉണ്ടെങ്കിലും ധനവിനിമയം ഈ അക്കൗണ്ടിൽ കൂടി നടത്തുന്നില്ല.

ബി) ലൈഫ് ഭവന പദ്ധതി സംസ്ഥാന വിഹിതം നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം ₹3,91,37,022/-യാണെങ്കിലും ₹69,21,705/- (ഷെഡ്യൂൾ-ആർ.പി.-40ബി) മാത്രമാണ് ഭൗതികമായി ഉള്ളത്.

സി) കേന്ദ്രാവിഷ്കൃത ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട്, എന്നിവയുടെ യഥാർത്ഥ ചെലവുകൾ സുലേഖ സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ അലോട്ട്മെന്റിന് ഓൺലൈൻ റിക്വസ്റ്റ് നൽകുകയും ഗ്രാമപഞ്ചായത്തിൽ നിന്നും അലോട്ട്മെന്റ് നൽകുകയും ചെയ്യുന്നു. തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓൺലൈൻ മുഖേന ഗ്രാമപഞ്ചായത്തിന് ബിൽ സമർപ്പിക്കുകയും അക്കൗണ്ട് സെക്ഷനിൽ നിന്ന് വൗച്ചർ നമ്പർ നൽകി ബിൽ അപ്രൂവ് ചെയ്യാത്തതിനാലുമാണ് മേൽ പറഞ്ഞ അപാകത സംഭവിച്ചിരിക്കുന്നത്. ലൈഫ് ഭവന പദ്ധതിയ്ക്കായി

ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ₹53,21,804/-യുടെ ചെലവുണ്ടെങ്കിലും വ്യക്തമായ രേഖകളുടെ പിൻബലമില്ലാതെ മുൻകാല ചെലവായി രേഖപ്പെടുത്തി പ്രസ്തുത തുക ബാധ്യത ശീർഷകത്തിൽ നിന്നും എഴുതി തള്ളിയിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയും സെക്രട്ടറിയും ഇക്കാര്യത്തിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-10 വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല

24.02.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ. പ്രകാരം ഹോം സ്റ്റേ, ആയുർവ്വേദ സുഖചികിത്സ കേന്ദ്രങ്ങൾ, സ്വകാര്യ ഹോസ്റ്റൽ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൌണ്ടിൽ വരുന്ന കാന്റീൻ, ആഡിറ്റോറിയം, മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ( MSME) ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങൾ എന്നിവയുടെ നികുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിദ്ധീകരിച്ച വസ്തു നികുതി നിരക്ക് പരിഷ്കരണ വിജ്ഞാപനം (സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയത്) പരിശോധിച്ചതിൽ, മേൽ ഉത്തരവ് പ്രകാരമുള്ള നികുതി നിരക്കുകൾ വട്ടവട ഗ്രാമപഞ്ചായത്തിൽ ബാധകമാക്കിയിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വിശദീകരണം ആവശ്യപ്പെടുകയുണ്ടായി (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.7/തീ.12-04-2023). അതിന് സമർപ്പിച്ച മറുപടിയിൽ അടുത്ത കമ്മിറ്റി യോഗത്തിൽ ഇത് സംബന്ധിച്ച നിരക്ക് നിശ്ചയിച്ച് തീരുമാനമെടുക്കുമെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. തുടർ നടപടി വിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ അറിയിക്കേണ്ടതാണ്.

1-11 വാടക ഇനത്തിൽ കുടിശ്ശിക

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ താഴെപ്പറയുന്ന മുറികളുടെ വാടക ഈടാക്കിയിട്ടില്ല എന്ന് കാണുകയുണ്ടായി.

| ക്രമ നം. | കെട്ടിട നമ്പർ/മുറി നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസം ഈടാക്കേണ്ട വാടക+ജി.എസ്.ടി. | തുക ഈടാക്കാൻ അവശേഷിക്കുന്ന കാലയളവ് | ആകെ | കുറിപ്പ് |
|---|---|---|---|---|---|---|
| 1. | ലഭ്യല്ല. | സെക്രട്ടറി, സ്വയം സഹായ ഗ്രീൻ ക്ലബ്, സ്വാമിയാറളക്കുടി | 3000+540 | 4/2021 മുതൽ 03/2022 വരെ | 42480 | കരാറുകൾ ലഭ്യമാക്കിയില്ല. |
| 2. | VII/227 | ഹോർട്ടി കോർപ്പ് സബ് സെന്റർ വട്ടവട | 5000+900 | 4/2021 മുതൽ 12/2021 വരെ | 53100 | |
| | | | | ആകെ | 95580 | |

ഷോപ്പിംഗ് കോംപ്ലക്സിലെ വാടകയ്ക്ക് നൽകിയിട്ടുള്ള മുറികളുടെ വിവരങ്ങളും വാടകക്കാരുമായി കരാറിൽ ഏർപ്പെട്ട രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പിന് (നം.06/തീ.12-04-2023) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ, പട്ടികയിൽ പരാമർശിക്കുന്ന സ്ഥാപനങ്ങൾക്ക് തുക ഒടുക്കുവാൻ അറിയിപ്പ് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

1-12 കെട്ടിട നിർമ്മാണ അനുമതി നൽകൽ - ചട്ടം പാലിച്ചില്ല

വട്ടവട ഗ്രാമ പഞ്ചായത്തിൽ നിന്നും 2021-22 വർഷം കെട്ടിട നിർമ്മാണ അനുമതി നൽകിയ ചുവടെ ചേർത്തിട്ടുള്ള കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ ആവശ്യമായ പ്രവേശന മാർഗ്ഗമില്ലാത്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയതായി കാണുന്നു.

| പെർമിറ്റ് നമ്പർ | കെട്ടിട ഉടമ | വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|
| A3-BA (135829)21/തീ. 30-06-2021 | ശിവാനന്ദൻ, ഉള്ളുവീട്ടിൽ, വട്ടവട | 137.43 M2 | ഗണം എ1 |

വട്ടവട വില്ലേജ് ബ്ലോക്ക് നമ്പർ 60-ൽ സർവ്വേ നം.378/2/5-ൽ ഒരു വാസഗൃഹം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് ശ്രീ. ശിവാനന്ദൻ, ഉള്ളുവീട്ടിൽ, വട്ടവട എന്നയാൾക്ക് അനുമതി നൽകിയിരുന്നു (നമ്പർ A3-BA (135829)21/30-06-2021). നിർമ്മിക്കുന്ന കെട്ടിടത്തിന് പ്രവേശന മാർഗ്ഗം പ്ലാനിൽ സൂചിപ്പിച്ചിരുന്നില്ല. തെക്ക്-വടക്ക് ഭാഗങ്ങളിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലം, പടിഞ്ഞാറ് തോട്, കിഴക്ക് ഭാഗത്ത് റവന്യൂ ഭൂമി എന്നാണ് പ്ലോട്ടിന്റെ എല്ലുകകൾ തിട്ടപ്പെടുത്തിയിരുന്നത്. മേൽ നിർമ്മാണ അനുമതി നൽകപ്പെട്ട വസ്തു ദേവികുളം സബ് രജിസ്ട്രാർ ഓഫീസിലെ 1015/2021 നമ്പർ ആധാരപ്രകാരം മേഘ്ന മോഹൻ, അശ്വതി ഭവൻ, ഐമുറി കരയിൽ, എളമ്പകപ്പിള്ളി പി. ഒ., കുവപ്പടി, എറണാകുളം എന്നയാൾക്ക് വിൽപ്പന നടത്തുകയും കെട്ടിട നിർമ്മാണ അനുമതി ടി വ്യക്തിയുടെ പേരിലേക്ക് മാറി നൽകുകയും ചെയ്തിരുന്നു.

മേൽ നിർമ്മാണം പൂർത്തീകരിച്ച് നമ്പർ അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ആദ്യം നൽകിയിരുന്ന ഒക്യുപൻസി ഗണം ഒഴിവാക്കി സ്പെഷ്യൽ റസിഡൻഷ്യൽ ഗണത്തിൽപ്പെടുത്തി ആകെ 201.20 M2 വിസ്തീർണ്ണം വരുന്ന 05 കെട്ടിടങ്ങൾക്ക് 8/65, 65A, 65B, 65D, 65C എന്നീ നമ്പറുകൾ അനുവദിച്ച് നിർമ്മാണം ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്.

2019-ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ)ചട്ടങ്ങളിലെ, ചട്ടം 28 പട്ടിക (8) അനുസരിച്ച്, എ2 ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങളുടെ ആദ്യ 300 ച.മീ വരെയുള്ള നിർമ്മിതികൾക്ക് 1.20 മീറ്ററിൽ കുറയാത്ത പ്രവേശന മാർഗ്ഗം ഉണ്ടായിരിക്കേണ്ടതാണ്. ചട്ട പ്രകാരം ആവശ്യമായ പ്രവേശന മാർഗ്ഗം ഇല്ലാത്ത പ്ലോട്ടിൽ കെട്ടിട നമ്പർ അനുവദിച്ച് നൽകിയതിനും നിർമ്മാണാനുമതി നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നു (നം. 03/തീ.11.04.2023).

നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് അസി. എൻജിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നമ്പർ നൽകിയെങ്കിലും ലൈസൻസ് അനുവദിച്ചിട്ടില്ലയെന്നും പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള റവന്യൂ പുറമ്പോക്ക് ഭൂമി കാലങ്ങളായി പൊതുവഴിയ്ക്കായി ഉപയോഗിക്കുന്നതാണെന്നും സെക്രട്ടറി മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് നിർദ്ദേശമുണ്ടാകുന്നപക്ഷം ഗണം മാറ്റുന്നതിനോ കെട്ടിട നമ്പർ റദ്ദ് ചെയ്യുന്നതിനോ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ പരാമർശമുണ്ട്. വഴിയുടെ ആധികാരികത സംബന്ധിച്ച് അന്വേഷണം നടത്തി ഉചിത നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ലൈഫ് ഭവന പദ്ധതി - നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ

തമിഴ് വംശജർ ഭൂരിപക്ഷമായ വട്ടവട ഗ്രാമപഞ്ചായത്തിൽ 2500 ഓളം കുടുംബങ്ങൾ അധിവസിക്കുന്നു (2011-ലെ സെൻസസ് പ്രകാരം ആകെ ജനസംഖ്യ 4850). ഇവരിൽ ഭൂമി സ്വന്തമായുള്ള ഭവനരഹിതരായ 789 കുടുംബങ്ങൾ ലൈഫിന്റെ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുകയും അതിൽ 698 പേർക്ക് ധനസഹായത്തിന്റെ വിവിധ ഗഡുക്കൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആകെയുള്ള കുടുംബങ്ങളിൽ മൂന്നിലൊന്നും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടുവെന്ന വസ്തുത പ്രത്യേക പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. പ്രസ്തുത ഗുണഭോക്താക്കളിൽ വീട് പണി പൂർത്തീകരിച്ചവരുടെ/വിവിധ ഘട്ടത്തിൽ ഉള്ളവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു (സെക്രട്ടറിയുടെ 19.10.2022ലെ 400540/HSSS01/GPO/2022/1205 നമ്പർ ഉത്തരവ് പ്രകാരം വി.ഇ.ഒ. നടത്തിയ സ്ഥല പരിശോധനയിൽ ലഭ്യമായ വിവരങ്ങൾ അനുസരിച്ചുള്ളത്).

| വിഭാഗം | ധനസഹായം കൈപ്പറ്റിയിട്ടും വീട് പണി ആരംഭിക്കാത്തവർ | ബേസ്മെന്റ് പൂർത്തിയാക്കിയവർ | ലിന്റൽ പൂർത്തീകരിച്ചത് | മേൽക്കൂര പൂർത്തിയാക്കിയത് | വീട് പണി പൂർത്തിയാക്കിയവർ (അവസാന ഗഡു കൈപ്പറ്റിയത്) | ആകെ |
|---|---|---|---|---|---|---|
| ജനറൽ | 71 | 35 | 31 | 61 | 305 | 503 |
| പട്ടികജാതി | 14 | 7 | 11 | 16 | 47 | 95 |
| പട്ടിവർഗ്ഗം | 0 | 11 | 17 | 43 | 29 | 100 |
| ആകെ | 85 | 53 | 59 | 120 | 381 | 698 |

ഗ്രാമ പഞ്ചായത്തിന്റെ ലൈഫ് ഭവനപദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കളുടെ ഫയലുകൾ അപൂർണ്ണം

ആകെയുള്ള കുടുംബങ്ങളുടെ മൂന്നിലൊന്നും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടുവെന്നത്

യാദൃച്ഛികമാണെന്ന് കരുതുക വയ്യ. എന്നാൽ പട്ടികയുടെ ആധികാരികത ഒരു ഘട്ടത്തിലും പരിശോധന വിധേയമാക്കിയതായി കാണുന്നില്ല. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരിൽ 698 പേർ ധനസഹായം കൈപ്പറ്റിയതായി കണക്കുകൾ സൂചിപ്പിക്കുന്നുവെങ്കിലും അവരുടെ വ്യക്തിഗത ഫയലുകൾ അപൂർണ്ണമാണ്. ഗ്രാമപഞ്ചായത്ത് മുൻപാകെ ഭവന നിർമാണത്തിന് സമർപ്പിച്ച അപേക്ഷ, കരാർ, സ്റ്റേജ് സാക്ഷ്യപത്രങ്ങൾ, തുക അനുവദിക്കുന്നതിനുള്ള ശുപാർശ/അനുമതി, ഫോട്ടോകൾ, പൂർത്തീകരണ സാക്ഷ്യപത്രം, തുക ക്രെഡിറ്റ് ചെയ്ത ബാങ്ക് രേഖകൾ, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് തുടങ്ങിയ വിവരങ്ങൾ പ്രസ്തുത ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. അനിവാര്യ രേഖകളുടെ അഭാവത്തിൽ ഇത്ര വിപുലമായ പദ്ധതിയുടെ ഗുണഭോക്താക്കളുടെ യഥാർത്ഥ അർഹത നിർണ്ണയിക്കുവാനും ധനസഹായം അനുവദിക്കുവാനും കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്.

2. കാലികമാക്കിയിട്ടില്ലാത്ത രജിസ്റ്ററിനെ അടിസ്ഥാനമാക്കി തുക നൽകിയതിനാൽ പല ഗുണഭോക്താക്കൾക്കും അധിക തുക അനുവദിച്ചു

പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഇക്കാരണത്താൽ ഗുണഭോക്താക്കൾക്ക് ആകെ അനുവദിച്ച തുക, അവയുടെ ചെക്ക്/ബിൽ വിവരങ്ങൾ എന്നിവ ലഭ്യമല്ല. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള തുകകളാണ് പദ്ധതിക്കായി വകയിരുത്തി ചെലവഴിച്ചതെങ്കിലും ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിവരങ്ങൾ സാംഖ്യ വെബിലും അതുവഴി സുലേഖ സോഫ്റ്റ് വെയറിലും ഉൾപ്പെടുത്താത്തതിനാലും കണക്കുകളിൽ അവ്യക്തത നില നിൽക്കുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ കാലികമാക്കാത്ത രജിസ്റ്റർ പരിശോധിച്ചതിൽ തന്നെ ഒട്ടേറെ ഗുണഭോക്താക്കൾക്ക് സർക്കാർ നിശ്ചയിച്ച സബ്സിഡി അധികരിച്ച് തുക നൽകിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപൂർണ്ണമായ രജിസ്റ്ററിനെ/വ്യക്തിഗത ഫയലുകളെ അടിസ്ഥാനപ്പെടുത്തി ധനസഹായം വിതരണം ചെയ്തതിനാലാണ് പരിധി അധികരിച്ച് ധനസഹായം അനുവദിച്ചതെന്ന് വ്യക്തമാണ്.

3. ലൈഫ് ഭവന പദ്ധതി - ഹഡ്കോ വായ്പ - സംസ്ഥാന സർക്കാർ - ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് വിവരം സാംഖ്യ വെബിൽ ഉൾപ്പെടുത്തിയിട്ടില്ല

ലൈഫ് ഭവന പദ്ധതിക്കായി ₹15,80,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) മാത്രമാണ് തൻവർഷ ചെലവായി സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ തൻവർഷം ഹഡ്കോ വായ്പ, സംസ്ഥാന സർക്കാർ വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നീ ഇനങ്ങളിൽ ₹24,698,000/- ചെലവുള്ളതായി ലൈഫ് പദ്ധതി വായ്പയുടെ ബാങ്ക് അക്കൗണ്ട് (38069738899, SBI) പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് ക്രമീകരിച്ചതിനാൽ അതിന്റെ കണക്കുകൾ ലഭ്യമല്ല. ലൈഫ് ഭവന പദ്ധതിക്കായുള്ള MIS സോഫ്റ്റ്വെയറിലും സാംഖ്യ വെബിലും ലഭ്യമായ വിവരങ്ങൾ പ്രകാരം (06-02-2019

മുതൽ നാളിതുവരെ) ഗുണഭോക്താക്കൾക്ക് അനുവദിച്ച ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ഹഡ്കോ ലോൺ | 12,41,90,000 |
| സംസ്ഥാന സർക്കാർ വിഹിതം | 4,79,20,000 |
| പ്ലാൻ ഫണ്ട് | 41,47,755 (സാംഖ്യ വെബിൽ ലഭ്യമായ വിവരം) |
| ആകെ | 17,62,57,755 (ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് വിഹിതം ഒഴികെ) |

4. ജില്ലാ പഞ്ചായത്ത് ഗുണഭോക്താക്കൾക്ക് നേരിട്ട് ധനസഹായം വിതരണം ചെയ്തത് കണക്കുകളിൽ ഉൾപ്പെട്ടില്ല

2021-22 വർഷം ജില്ലാ പഞ്ചായത്ത് വിഹിതമായി ₹60,00,000/- വകയിരുത്തിയിരുന്നുവെങ്കിലും ജില്ലാ പഞ്ചായത്ത് തങ്ങളുടെ വിഹിതം നേരിട്ട് ലൈഫ് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. ജില്ലാ പഞ്ചായത്ത് കൈമാറിയ തുകകളുടെ ക്രമീകരണ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. മുൻ വർഷങ്ങളിലും ഇതേ രീതിയിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് ധനസഹായം വിതരണം ചെയ്തിട്ടുണ്ടോ എന്നും വ്യക്തമല്ല. ഫണ്ട് വിതരണത്തിൽ ജില്ലാ പഞ്ചായത്തുമായുള്ള ഏകോപനം സാധ്യമാക്കിയിട്ടില്ലാത്തതിനാൽ കണക്കുകളിലെ പൊരുത്തക്കേടിന്റെ വ്യാപ്തി എത്രയെന്ന് ഇനിയും തിട്ടപ്പെടുത്തേണ്ടതായിട്ടുണ്ട്.

5. ലൈഫ് ഭവന പദ്ധതിയിൽ ലഭിച്ച വീടുകൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു.

ലൈഫ് പദ്ധതി പ്രകാരം ഗൃഹ നിർമ്മാണം പൂർത്തീകരിച്ച ചില ഗുണഭോക്താക്കൾ തങ്ങളുടെ ഭവനം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നുവെന്നും (റിസോർട്ടുകൾ/ഹോം സ്റ്റേ തുടങ്ങിയവയായി) മൂന്ന് ഗഡുക്കൾ വരെ കൈപ്പറ്റിയ ചിലർ വീട് പണി ആരംഭിച്ചിട്ടുപോലുമില്ലയെന്നും വി.ഇ.ഒ.-യുടെ സ്ഥലപരിശോധന റിപ്പോർട്ടിൽ പരാമർശമുണ്ട്. ധനസഹായം അനുവദിച്ച/വീട് പണി പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ കരാർ ഉടമ്പടികൾ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പദ്ധതി വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരിൽ നിന്നും തുക തിരികെ ഈടാക്കാൻ കഴിയാത്ത സാഹചര്യമുണ്ട്.

6. ഭവന പൂർത്തീകരണം സംബന്ധിച്ച് സർക്കാരിന് നൽകിയതും ഫീൽഡ് പരിശോധനയിലൂടെ നിർണ്ണയിച്ചതുമായ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

479 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതായാണ് ഗ്രാമപഞ്ചായത്ത് സർക്കാരിൽ ഹാജരാക്കിയ MIS കണക്കുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ വി.ഇ.ഒ. നടത്തിയ ഫീൽഡ് പരിശോധനയിൽ 381 പേർ മാത്രമാണ് അത് പൂർത്തീകരിച്ചതെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്.

7. സ്വീകരിച്ച വായ്പ തുകയും നാളിതുവരെയുള്ള പദ്ധതിച്ചെലവും തമ്മിലുള്ള അനുപാതത്തിൽ വലിയ

അന്തരം.

₹2,20,000/-യാണ് ഹഡ്കോ വായ്പയായി ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്നത്. കരാർ ചമച്ച ആകെ ഗുണഭോക്താക്കൾക്ക് ഇതനുസരിച്ച് വേണ്ടി വരുന്ന വായ്പ തുക 15.356 കോടി രൂപയാണ്. ആകെ പൂർത്തീകരിച്ചതായി ഫീൽഡ് പരിശോധനയിലൂടെ സ്ഥിരീകരിച്ച വീടുകളുടെ എണ്ണം 381 ആണ്. എന്നാൽ വായ്പയിനത്തിൽ ഇതിനോടകം 12.419 കോടി രൂപ ചെലവഴിച്ച് കഴിഞ്ഞു. കരാർ ചമച്ച ഗുണഭോക്താക്കളിൽ പലരും ഇതുവരെ ഗൃഹനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ ആകെയുള്ള ഗുണഭോക്താക്കളിൽ ശേഷിക്കുന്ന പാതിയോളം പേർക്ക് (698-381 = 317) പ്രസ്തുത വായ്പ തുക തികയില്ലയെന്ന് ഉറപ്പാണ്. ശേഷിക്കുന്ന 317 പേർക്ക് ഒരു ലക്ഷം രൂപ വീതം വിതരണം ചെയ്താൽ പോലും (100000 X 317 = 31700000) നിലവിലെ വായ്പ അനുമതി തുകയിലും കൂടുതൽ വേണ്ടി വരുമെന്ന് (12.419 + 3.17 = 15.589) കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ ഒരു ലക്ഷം രൂപ മാത്രമല്ല വിതരണം ചെയ്യാൻ ശേഷിക്കുന്നതെന്നതും വസ്തുതയാണ്. സർക്കാർ വായ്പ ഘടകത്തിന് നിശ്ചയിച്ച പരിധിയിൽ അധികമായി തുക ചെലവഴിച്ചുവെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

ലൈഫ് ഭവന പദ്ധതി നടത്തിപ്പിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി മേൽ പ്രസ്താവിച്ച വസ്തുതകളിൽ നിന്ന് വ്യക്തമാണ്. പദ്ധതി നിർവ്വഹണത്തിലെ ക്രമക്കേടുകൾ യഥാസമയം കണ്ടെത്തുന്നതിലും ഉത്തരവാദികളായവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിലും അധികൃതരുടെ ഭാഗത്ത് നിന്ന് ഗുരുതരമായ ജാഗ്രതക്കുറവ് സംഭവിച്ചു. ക്രമവിരുദ്ധമായ ഇടപാടുകളുടെ വ്യാപ്തി നിർണ്ണയിക്കുന്നതിന് സമഗ്രമായ ഒരു അന്വേഷണം അനിവാര്യമായതിനാൽ അത് നടത്തുന്നതിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

1-13-1 തൻവർഷം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത ജില്ലാ പഞ്ചായത്ത് വിഹിത കണക്കുകളിൽ വ്യക്തതയില്ല

2021-22 വർഷം ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി ജില്ലാ പഞ്ചായത്തിൽ നിന്നും വകയിരുത്തിയ (സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം) അടങ്കൽ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക ₹ | ചെലവഴിച്ച തുക (സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി – ജനറൽ | 2000000 | 0 |
| 2 | ലൈഫ് ഭവന പദ്ധതി – എസ്. സി. പി. | 2000000 | 0 |
| 3 | ലൈഫ് ഭവന പദ്ധതി – റ്റി. എസ്. പി. | 2000000 | 0 |
| | ആകെ | 6000000 | 0 |

2021-22 വർഷം ലൈഫ് ഭവന പദ്ധതിയുടെ ജില്ലാ പഞ്ചായത്ത് വിഹിതമായി ₹60,00,000/- വകയിരുത്തിയിരുന്നുവെങ്കിലും ആയത് ജില്ലാ പഞ്ചായത്ത് ലൈഫ് ഗുണഭോക്താക്കളുടെ ബാങ്ക്

അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയാണുണ്ടായിട്ടുള്ളത്. ഉദാഹരണമായി, പവിഴക്കൊടി (A/C Number–40722101025158) എന്ന വ്യക്തിക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി ₹1,00,000/- (21100652012401032937/2021-22) അനുവദിച്ചിട്ടുണ്ട് എന്ന് ടിയാളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ സാംഖ്യ വെബ് വഴി പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുക ലഭിച്ചതായി ടിയാളുടെ വ്യക്തിഗത രജിസ്റ്ററിലോ/ഫയലുകളിലോ രേഖപ്പെടുത്തലുകളില്ല. ഇതേ രീതിയിൽ മറ്റ് ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന് ജില്ലാ പഞ്ചായത്ത് നേരിട്ട് ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാണ്. ലൈഫ് ഗുണഭോക്താക്കളുടെ രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ 2021-22 വർഷം ഏതൊക്കെ വ്യക്തികൾക്കാണ് ധനസഹായം ലഭിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല. ജില്ലാ പഞ്ചായത്തിൽ നിന്നും ഗുണഭോക്താക്കൾക്ക് നേരിട്ട് അനുവദിച്ച തുകയെപ്പറ്റി ഗ്രാമപഞ്ചായത്തിൽ രേഖകളില്ലാത്തതിനാൽ പല ഗുണഭോക്താക്കൾക്കും സർക്കാർ നിശ്ചയിച്ച സബ്സിഡി പരിധിയിലധികമായി ധനസഹായം അനുവദിച്ചിരിക്കാൻ എല്ലാ സാധ്യതയും നിലനിൽക്കുന്നു. തൻവർഷം പഞ്ചായത്തിലെ ലൈഫ് ഗുണഭോക്താക്കൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/തീ.11.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്ത് 2021-22 വർഷം ലൈഫ് ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതും അതോടൊപ്പം അധിക തുക അനുവദിച്ചിട്ടുള്ളപക്ഷം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

### 1-13-2 ലൈഫ് ഭവന പദ്ധതി - സബ്സിഡി പരിധി അതിലംഘിച്ച് ധനസഹായം അനുവദിച്ചു

ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ വിഭാഗങ്ങളിൽപ്പെട്ട ചില ഗുണഭോക്താക്കൾക്ക് സർക്കാർ നിശ്ചയിച്ച ഉയർന്ന പരിധി അതിലംഘിച്ച് ധനസഹായം അനുവദിച്ചതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | അനുവദിച്ച തുക/തീയതി (ഫണ്ടിനം, ബിൽ നമ്പർ എന്നിവ ലഭ്യമല്ല) | അനുവദിക്കാവുന്ന തുക ₹ | അധികം അനുവദിച്ച തുക ₹ |
|---|---|---|---|---|
| 1 | മാരിയമ്മാൾ, 39, MATTUKKARAN | ₹40000/- 06.08.2019<br>₹160000/- 30.06.2020<br>₹60000/- 22.07.2020<br>₹100000/-തീയതി രേഖപ്പെടുത്തിയിട്ടില്ല<br>₹100000/- 03.08.2021<br>ആകെ – ₹460000/- | 400000/- | 60000/- |
| 2 | രാമൻ, | ₹40000/- 06.08.2019 | 400000/- | 20000/- |

| | | | | |
|---|---|---|---|---|
| | 65,<br>SERTHANA | ₹160000/- 13.07.2021<br>₹100000/- 23.10.2020<br>₹60000/- 30.03.2021<br>₹60000/- 19.09.2021<br>ആകെ – ₹420000/- | | |
| 3 | സരസു രാമർ,<br>44,<br>KONGAMANDI | ₹40000/- 06.08.2019<br>₹160000/- 09.01.2020<br>₹100000/- 30.06.2020<br>₹100000/- 03.08.2021<br>₹60000/- 03.08.2021<br>ആകെ – ₹460000/- | 400000/- | 60000/- |
| 4 | രാജലക്ഷ്മി,<br>52,<br>CHETTIYAR VEEDU | ₹40000/- 30.07.2020<br>₹160000/- 24.11.2020<br>₹120380/- 31.03.2021<br>₹100000/- 04.08.2021<br>ആകെ – ₹420380/- | 400000/- | 20380/- |
| 5 | സെൽവം,<br>35,<br>KOTTONDIVEEDU | ₹40000/- 06.08.2019<br>₹160000/- തീയതി രേഖപ്പെടുത്തിയിട്ടില്ല<br>₹100000/- 03.03.2020<br>₹100000/-തീയതി രേഖപ്പെടുത്തിയിട്ടില്ല<br>₹60000/- 03.08.2021<br>ആകെ – ₹460000/- | 400000/- | 60000/- |
| 6 | മണികണ്ഠൻ,<br>103,<br>CHILANTHIYAR | ₹40000/- 16.08.2019<br>₹160000/- 05.11.2019<br>₹160000/- 09.01.2020<br>₹100000/-തീയതി രേഖപ്പെടുത്തിയിട്ടില്ല<br>ആകെ – ₹460000/- | 400000/- | 60000/- |
| 7 | ഇളങ്കോ,<br>23,<br>KADAVARI | ₹40000/- 17.08.2019<br>₹160000/- 10.01.2020<br>₹100000/-തീയതി രേഖപ്പെടുത്തിയിട്ടില്ല<br>₹60000/- 19.02.2021 | 400000/- | 20000/- |

| | | | | |
|---|---|---|---|---|
| | | ₹60000/- 30.03.2021<br>ആകെ – ₹420000/- | | |
| 8 | കെ.എസ്. പൽരാജ്, 81, KONGAMANDI VEEDU | ₹40000/- 06.08.2019<br>₹160000/- 31.01.2020<br>₹100000/- 30.06.2020<br>₹100000/- 27.08.2020<br>₹60000/- 03.03.2021<br>ആകെ – ₹460000/- | 400000/- | 60000/- |
| 9 | കുപ്പുസ്വാമി, 270, SUBBANVEEDU | ₹40000/- 06.08.2019<br>₹160000/- 29.05.2020<br>₹100000/- 30.07.2020<br>₹100000/-തീയതി രേഖപ്പെടുത്തിയിട്ടില്ല<br>₹60000/- ₹03.03.2021<br>ആകെ – 460000/- | 400000/- | 60000/- |
| 10 | വേൽസാമി ടി. 115/ വത്സപ്പെട്ടിക്കുടി | ₹90000/- 27.12.2019<br>₹120000/- 03.07.2019<br>₹200000/- 07.12.2019<br>₹120000/-09.10.2020<br>₹50000/- 26.04.2021<br>₹60000/- 16.09.2021<br>ആകെ – ₹640000/- | 600000/- (റ്റി.എസ്.പി.) | 40000/- |
| | | ആകെ | | 460380/- |

ലൈഫ് ഗുണഭോക്തൃ രജിസ്റ്ററിൽ ബിൽ നമ്പർ/ചെക്ക് നമ്പർ, ചെലവഴിച്ച ഫണ്ടിന്റെ സ്രോതസ് വിവരം, തുക ക്രെഡിറ്റായ തീയതി എന്നിവ രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല. ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ ഗുണഭോക്താക്കൾക്ക് നേരിട്ട് സബ്സിഡി അനുവദിച്ചതിനെപ്പറ്റിയും പഞ്ചായത്തിൽ രേഖപ്പെടുത്തലുകളില്ല. അപൂർണ്ണമായ രജിസ്റ്ററിനെ/വ്യക്തിഗത ഫയലിനെ അടിസ്ഥാനപ്പെടുത്തി ധനസഹായം വിതരണം ചെയ്യുന്നത് കൊണ്ടാണ് സബ്സിഡി അധികമായി നൽകിയത്. അതിനാൽ തന്നെ രജിസ്റ്റർ കാലികമാക്കിയാലേ മുകളിൽ ചേർത്തവരെ കൂടാതെ മറ്റ് ഗുണഭോക്താക്കൾക്കും സബ്സിഡി പരിധി അതിലംഘിച്ച് ധനസഹായം അനുവദിച്ചോ എന്ന് വ്യക്തമാകൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/തീ. 12.04.2023) മറുപടി ലഭ്യമാക്കിയില്ല. രജിസ്റ്റർ കാലികമാക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതും സബ്സിഡി പരിധിയിൽ നിന്ന് അധികമായി നൽകിയ ധനസഹായം തിരികെ ഈടാക്കേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

1-13-3 ലൈഫ് ഭവന പദ്ധതി - ഹഡ്കോ വായ്പ - സംസ്ഥാന സർക്കാർ - ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല

ലൈഫ് ഭവന പദ്ധതിക്കായി ₹15,80,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) മാത്രമാണ് തൻവർഷ ചെലവായി സൂലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ തൻവർഷം ഹഡ്കോ വായ്പ, സംസ്ഥാന സർക്കാർ വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നീ ഇനങ്ങളിൽ ₹24,698,000/- ചെലവുള്ളതായി ലൈഫ് പദ്ധതി വായ്പയുടെ ബാങ്ക് അക്കൗണ്ട് (38069738899, SBI) പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നമ്പർ/തുക പിൻവലിച്ച തീയതി | തുക |
|---|---|---|
| 1 | 858870/12.04.2021 | ₹11,60,000/- |
| 2 | 858871/26.04.2021 | ₹48,40,000/- |
| 3 | 858872/05.08.2021 | ₹51,20,000/- |
| 4 | 858873/12.08.2021 | ₹75,20,000/- |
| 5 | 858874/12.08.2021 | ₹2,80,000/- |
| 6 | 858877/16.09.2021 | ₹45,80,00/- |
| 7 | 858876/16.09.2021 | ₹35,20,000/- |
| 8 | 858878/31.12.2021 | ₹18,00,000/- |
| | ആകെ | ₹24,698,000/- |

തൻവർഷം ചെലവഴിച്ച ഹഡ്കോ വായ്പയുടെയും, സംസ്ഥാന സർക്കാർ / ബ്ലോക്ക് വിഹിതങ്ങളുടെയും ബില്ലുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ ഇവയുടെ ആകെ വരവ്, ചെലവ് എന്നിവയുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/തീ. 11.04.2023) മറുപടി ലഭ്യമാക്കിയില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിക്കുന്ന തുകകൾ യഥാവിധി വെബ്സാംഖ്യയിലൂടെ സൂലേഖയിൽ ഉൾപ്പെടുത്തുന്നതിലൂടെയാണ് സ്ഥാപനത്തിന്റെ പദ്ധതി നിർവ്വഹണം, പദ്ധതി വിഹിതത്തിന്റെ ആകെ അടങ്കൽ, ചെലവ്, ഇനിയും വേണ്ടി വരുന്ന വിഹിതത്തിന്റെ തോത് തുടങ്ങിയവ സംബന്ധിച്ച വ്യക്തമായ ചിത്രം ലഭിക്കുന്നത്. 2.5 കോടിയോളം രൂപ ചെലവിൽ നിന്ന് ഒഴിവായത് മൂലം വാർഷിക പദ്ധതി ചെലവ് ശതമാനത്തിൽ വൻ കുറവാണ് പത്രികയിൽ ദൃശ്യമാകുന്നത്. മേൽ വിഹിതങ്ങളിലൂടെ ചെലവഴിച്ച തുകയുടെ ബിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതും സൂലേഖയിൽ ചെലവ് വിവരം രേഖപ്പെടുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ ₹24,698,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-14 വട്ടവട മാതൃകാഗ്രാമം പദ്ധതി നിർജ്ജീവം - പദ്ധതിയ്ക്കായി ചെലവഴിച്ച ഒരു കോടിയോളം

പാഴായി

ഗ്രാമപഞ്ചായത്ത് 2016-17-ൽ ആവിഷ്കരിച്ച ബൃഹത് പാർപ്പിട സമുച്ചയ നിർമ്മാണ പദ്ധതിയാണ് വട്ടവട മാതൃക ഗ്രാമം. ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട 108 കുടുംബങ്ങൾക്ക് വേണ്ടിയുള്ളതായിരുന്ന പദ്ധതി. പദ്ധതി ആസൂത്രണ-നിർവ്വഹണ ഘട്ടങ്ങളിൽ സംഭവിച്ച ന്യൂനതകൾ സംബന്ധിച്ച പരാമർശം 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും തുടർന്ന് 2019-20 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലും ഉൾപ്പെട്ടിരുന്നു. പ്രോജക്ടിൽ വകയിരുത്തിയ തുകകളിൽ പട്ടികജാതി വകുപ്പ് വിഹിതമായ 3.24 കോടി രൂപ മാത്രമാണ് നേരിട്ട് ലഭിച്ചത്. ഇതിൽ ഒരു കോടി രൂപ നിർവ്വഹണ ഏജൻസിയ്ക്ക് കൈമാറി വലിയ തോതിൽ മണ്ണ് നീക്കം ചെയ്യൽ (ഏജൻസി ഹാജരാക്കിയ കണക്കുകൾ പ്രകാരം 38643.13 ഘന അടി) നടന്നു. തുടർന്ന് 2020-21-ൽ 05 പ്രോജക്ടുകളിലൂടെ (വട്ടവട മാതൃകാഗ്രാമം സംരക്ഷണ ഭിത്തി റീച്ച് 1, 2, 3, 4 & 5) മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട് വിനിയോഗിച്ച് (₹19,12,735/-) സൈറ്റിനുള്ളിൽ നിർവ്വഹണ ഏജൻസി മണ്ണ് നീക്കം ചെയ്ത ഭാഗത്തെ റോഡിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുകയും ചെയ്തു. വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ലൈഫ് മിഷൻ ആവശ്യപ്പെട്ടപ്പോൾ, റവന്യൂ വകുപ്പിനെ സമീപിച്ചു എങ്കിലും ലഭിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ആയത് ഹാജരാക്കുവാൻ കഴിഞ്ഞില്ല. തുടർന്ന് നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് പ്രോജക്ടിൽ നിന്ന് പിൻവാങ്ങുകയും അവർ കൈപ്പറ്റിയ മുൻകൂർ തുകയിൽ നിന്ന് പ്രോജക്ട് ചെലവായി 70 ലക്ഷം രൂപ കണക്കാക്കി ശേഷിച്ച 30 ലക്ഷം ഗ്രാമപഞ്ചായത്തിന് തിരികെ നൽകുകയും ചെയ്തു. പ്രോജക്ടിനായി ചെലവഴിക്കപ്പെട്ട ₹89,12,135/- (₹70,00,000 പട്ടികജാതി വികസന ഫണ്ട് + ₹1912735 ദേശീയ തൊഴിലുറപ്പ് പദ്ധതി ഫണ്ട്) പൂർണ്ണമായും പാഴ്ച്ചെലവായി ഭവിച്ചു. നിലവിൽ നിയമസഭ സമിതിയുടെ പരിഗണനയിൽ ഇരിക്കുന്ന വിഷയമായതിനാൽ സമിതി നിർദ്ദേശ പ്രകാരം തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

1-15 വട്ടവട ഖരമാലിന്യ നിർമ്മാർജ്ജനം - ആസൂത്രണമില്ലാതെ തുക ചെലവഴിച്ചിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 6 |
| | അടങ്കൽ |
| ധനകാര്യ കമ്മീഷൻ അവാർഡ് | ₹2100000/- |
| കേന്ദ്രാവിഷ്കൃത ഫണ്ട് | ₹510939/- |
| തനത് ഫണ്ട് | ₹400000/- |
| ആകെ | ₹3010939/- |
| ചെലവ് | ₹1160100/- വൗച്ചർ നം.22100327/തീ.25.10.21 |

| | |
|---|---|
| | ₹571350/- വൗച്ചർ നം.22100436/തീ.18.12.21 |
| | ₹231650/-വൗച്ചർ നം.22100581/തീ.31.03.22 |
| ആകെ | ₹1963100/- (ധനകാര്യ കമ്മീഷൻ അവാർഡ്) |

വട്ടവട ഗ്രാമ പഞ്ചായത്തിലെ പ്രധാന വ്യാപാര/ജനവാസ കേന്ദ്രങ്ങളായ കോവിലൂർ, വട്ടവട, കൊട്ടകാമ്പൂർ മേഖലകളിലെ പൊതു ഇടങ്ങൾ വൃത്തിയാക്കി ഖരമാലിന്യങ്ങൾ ശേഖരിച്ച് ട്രാക്ടർ മുഖേന കൈക്കാൽ MCF-ന് സമീപമുള്ള ഡമ്പിങ് യാഡിൽ നിക്ഷേപിക്കുന്നതിന് താഴെ വിശദീകരിച്ചിട്ടുള്ള തൊഴിലാളികളുടെ കൂലി ഇനത്തിലാണ് മേൽ തുക ചെലവ് ചെയ്തിട്ടുള്ളത്.

| സ്ഥലം | തൊഴിലാളികളുടെ എണ്ണം |
|---|---|
| കോവിലൂർ – 1 | 5 |
| കോവിലൂർ – 2 | 6 |
| കോവിലൂർ – 3 | 3 |
| വട്ടവട | 4 |
| കൊട്ടകാമ്പൂർ | 5 |
| സാനിട്ടറി പ്ലംബർ | 1 |
| ട്രാക്ടർ ഡ്രൈവർ | 1 |
| ആകെ തൊഴിലാളികൾ | 25 |

ഖരമാലിന്യ നിർമ്മാർജ്ജനം എന്ന വിഷയത്തിൽ നിലവിലുള്ള ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് വിശദമായ ഒരു വേസ്റ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കാതെയാണ് പദ്ധതി ഏറ്റടുത്ത് നടപ്പാക്കിയത്. ജനസാന്ദ്രത കുറഞ്ഞതും തികച്ചും ഗ്രാമീണ ഭൂപ്രകൃതിയുള്ളതും വരുമാനം തീരെ കുറഞ്ഞതുമായ വട്ടവട ഗ്രാമ പഞ്ചായത്തിൽ 25 പേരെ ശുചീകരണത്തിനായി നിയോഗിച്ച് ഇത്രയും ഭീമമായ സംഖ്യ വേതനം ഇനത്തിൽ ചെലവഴിച്ചിട്ടുള്ളത് അശാസ്ത്രീയമായ നടപടിയാണ് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. അജൈവ മാലിന്യങ്ങളുടെ സംഭരണത്തിനും നിർമ്മാർജ്ജനത്തിനുമായി ക്ലീൻ കേരള മിഷന്റെ നേതൃത്വത്തിൽ ഹരിത കർമ്മസേന പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്നതും പരിഗണിക്കേണ്ടതാണ്.

ജനങ്ങൾക്കും പരിസ്ഥിതിക്കും ദോഷം വരാത്ത വിധമുള്ള ഒരു സംവിധാനത്തിന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി അതിന്റെ ഭാഗമായി അനിവാര്യമായ എണ്ണം മാത്രം ശുചീകരണ തൊഴിലാളികളെ നിയോഗിക്കുന്നതിനും ബാക്കിയുള്ളവരെ ഹരിതകർമ്മ സേനയുടെ ഭാഗമാക്കുന്നതിനും

ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-16 ഇ-ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്നില്ല

28/09/13-ലെ ജി.ഒ.(എം.എസ്.)318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി. ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫാറം വിലയിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ഇതുവരെ ലഭിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ./ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും വട്ടവട ഗ്രാമ പഞ്ചായത്ത് ഈ നിർദ്ദേശം പാലിച്ചിട്ടില്ല. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ടെണ്ടർ ഫീ ഇനത്തിൽ ഇതുവരെ നിക്ഷേപിക്കപ്പെട്ട തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു

2021-22-ലെ അഡ്വാൻസ് രജിസ്റ്റർ/വാർഷിക ധനകാര്യ പത്രിക എന്നിവയിൽ ക്രോഡീകരിച്ച വിവരങ്ങളനുസരിച്ച്, ചുവടെ ചേർക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

1. ജീവനക്കാർക്ക് അനുവദിച്ച ഫെസ്റ്റിവൽ അഡ്വാൻസ്

| ക്രമ നം. | വൌച്ചർ നം. | പേര് വിവരം | മുൻകൂർ നൽകിയ തുക | ക്രമീകരിച്ച തുക | തിരികെ ഒടുക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | 21700168/തീയതി ലഭ്യമല്ല (2017-18) | ശ്രീ. ശങ്കരൻ ഐ., ഹെഡ് ക്ലർക്ക് | 15000 | 6000 | 9000 |
| 2 | 17.8.2021 | ശ്രീ. രാകേഷ് എസ്.കെ., ക്ലാർക്ക് | 10000 | 00 | 10000 |
| | | | | ആകെ | 19000 |

2. മുൻകാലങ്ങളിൽ പ്രോജക്ട് നിർവ്വഹണത്തിനും മറ്റും നൽകിയ മുൻകൂറുകൾ

| ക്രമ നം. | അക്കൌണ്ട് ഹെഡ്/ഇനം | വൌച്ചർ നം. | ഇനം | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക ₹ |
|---|---|---|---|---|
| 1 | 460400201/Advance To Contractors- Advance Paid | 21800558/ 27.03.2019 | ജലനിധി പദ്ധതിയ്ക്ക് നൽകിയത് | 143000 |
| 2 | 460500403/Advance To Habitat Technology | 21800293/ 04.02.2019 | മോഡൽ വില്ലേജ് (ഹാബിറ്റാറ്റ് ടെക്നോളജി) | 7000000 |
| 3 | 460500202/Advance To Implementing Agencies - Deposit With Kerala Electricity Board | 21700660/ 18.01.2018 | കേരള ഇലക്ട്രിസിറ്റി ബോർഡിന് ലൈൻ എക്സ്റ്റൻഷൻ പദ്ധതിയ്ക്ക് നൽകിയത് | 70000 |
| 4 | 460500202/Advance To Implementing Agencies - Deposit With Kerala Electricity Board | 21700661/ 18.01.2018 | കേരള ഇലക്ട്രിസിറ്റി ബോർഡിന് ലൈൻ എക്സ്റ്റൻഷൻ പദ്ധതിയ്ക്ക് നൽകിയത് | 149980 |
| 5 | 460500501/Advance To Implementing Officers | വിവിധ വൌച്ചറുകൾ - മുൻ വർഷങ്ങളിൽ നൽകിയത് – ₹158063/- 2021-22 വർഷത്തിൽ നൽകിയത്- (48 വൌച്ചറുകൾ) 427584/- | പഞ്ചായത്ത് വാഹനങ്ങൾക്ക് ഇന്ധനം വാങ്ങിയത്, കോവിഡ് പ്രവർത്തനങ്ങൾക്ക് നൽകിയത്, തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ്, തുടങ്ങിയവ | 585647 |

ധനകാര്യ വകുപ്പിന്റെ 04.10.2011-ലെ ജി.ഒ(പി)419/2011 നമ്പർ ഉത്തരവനുസരിച്ച്, മൂന്ന് മാസങ്ങൾക്കകം ക്രമീകരിക്കാത്ത മുൻകൂറുകൾക്ക് അവ പിൻവലിക്കപ്പെട്ട തീയതി മുതൽ ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലേക്ക് 18% പിഴപ്പലിശ കൂടി ഈടാക്കേണ്ടതാണ്. പ്രസ്തുത മുൻകൂറുകൾ യഥാവിധി ക്രമീകരിച്ച് വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-18 ഇലക്ഷൻ നിക്ഷേപം ഉൾപ്പെടെ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൌണ്ട് ഹെഡ്/ഇനം | വൌച്ചർ നം./തീയതി | തുക |
|---|---|---|---|
| | 340200107 Election Deposit(Candidate) | 17.11.20-ൽ വൌച്ചർനം. 120010100691 - 120010100698, 120010100703 - 120010100714<br>18.11.20-ൽ വൌച്ചർനം. 120010100721 - 120010100772<br>19.11.20-ൽ വൌച്ചർനം. 120010100775 - 120010100802 | 63000 |
| | 340109901 Other Deposits | 12.10.2015-ൽ വൌച്ചർ നം. 11501100 മുതൽ 11501596 വരെയും<br>13.10.2015-ൽ വൌച്ചർനം. 11501608, 11501613 മുതൽ 11501644 വരെയും,<br>14.10.2015-ൽ വൌച്ചർനം. 11501645 മുതൽ 11501668 വരെയും | 66500 |

പ്രസ്തുത നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറിയുടെ വാടകക്കരാർ ചമയ്ക്കാൻ തനത് ഫണ്ട് വിനിയോഗിച്ചു

വട്ടവട ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള VII/226 നമ്പർ കെട്ടിടം കേരള ഗ്രാമീൺ ബാങ്കിന് 30.12.2016 മുതൽ 29.12.2026 വരെ 10 വർഷത്തേയ്ക്ക് വാടകയ്ക്ക് നൽകിയിരുന്നു. ആദ്യ അഞ്ച് വർഷം ₹12,000/- നിരക്കിലും പിന്നീട് ₹15,000/- നിരക്കിലുമാണ് പ്രതിമാസ വാടക നിശ്ചയിച്ചിരുന്നത്. മുറി കൈമാറിയെങ്കിലും കരാർ ചമച്ചിരുന്നില്ലയെന്ന വസ്തുത കണ്ടെത്തുന്നത് നാല് വർഷങ്ങൾക്ക് ശേഷമാണ്. തുടർന്ന് ഭരണ സമിതി 20.02.2021-ലെ I (6) നമ്പർ തീരുമാന പ്രകാരം കരാർ ചമയ്ക്കുന്നതിന് നടപടി സ്വീകരിക്കുവാനും കരാർ രജിസ്ട്രേഷന് ചെലവാകുന്ന തുക തുല്യമായി വഹിക്കുന്നതിന് അനുവാദം നൽകികൊണ്ടും തുടർ നടപടികൾക്ക് സെക്രട്ടറിയെ ചുമതലപ്പെടുത്തി. വാടക കരാറിന് പകരം പാട്ടക്കരാറാണ് ബാങ്ക് തയ്യാറാക്കിയത്. അതിന് വേണ്ടി വന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക ₹ |
|---|---|
| സ്റ്റാമ്പ് ഡ്യൂട്ടി | 13200 |
| രജിസ്ട്രേഷൻ ചാർജ് | 3510 |
| കരാർ എഴുത്തുകൂലി | 4000 |
| ആകെ | 20710 |

ബഹു. സുപ്രീം കോടതിയിലെ CA6391/2019(SLP11051) നമ്പർ കേസിൽ 18.09.2019-ൽ പുറപ്പെടുവിച്ച വിധിയിൽ കേരള മുനിസിപ്പാലിറ്റി നിയമം 215-ാം വകുപ്പ് വിശകലനം ചെയ്തുകൊണ്ട്, കടമുറികൾ വാടകയ്ക്ക് നൽകൽ പാട്ടക്കരാറിന്റെ പരിധിയിൽ വരുന്നതല്ലായെന്നും ഇത് ലൈസൻസ് നൽകിയ വ്യക്തിയും ലൈസൻസിയും തമ്മിലുള്ള ബന്ധമാണെന്നും അല്ലാതെ പാട്ടത്തിന് നൽകിയ വ്യക്തിയും പാട്ടക്കാരനും തമ്മിലുള്ള ബന്ധമല്ലായെന്നും ലൈസൻസ് കരാറുകാരനുള്ള സ്റ്റാമ്പ് ഡ്യൂട്ടി കേരള സ്റ്റാമ്പ് ആക്ടിലെ പട്ടിക എൻട്രി 5(d) പ്രകാരം നിർണ്ണയിക്കേണ്ടതാണെന്നും, അല്ലാതെ എൻട്രി 33 പ്രകാരമായിരിക്കരുതെന്നും ബഹു. കോടതി വ്യക്തമാക്കിയിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 215-ാം വകുപ്പിന് സമാനമായ ലൈസൻസ് വ്യവസ്ഥകളാണ് ഗ്രാമപഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്ന കാര്യത്തിൽ 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7- ലും വ്യവസ്ഥ ചെയ്തിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വക കടമുറികളോ, ആഫീസ് മുറികളോ, മാർക്കറ്റ് സ്റ്റാളുകളോ, പൊതു മാർക്കറ്റിന്റെ ഏതെങ്കിലും ഭാഗങ്ങളോ വാടകയ്ക്ക്/പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച കരാറുകൾ ചമയ്ക്കുന്നത് കേരള സ്റ്റാമ്പ് ആക്ട് പട്ടികയിലെ എൻട്രി 5(d) പ്രകാരം ₹100/- മുഖവിലയുള്ള മുദ്രപ്പത്രത്തിൽ ആയിരിക്കേണ്ടതാണെന്ന് ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് 15.10.2010-ലെ 28758/DB2/2010 നമ്പർ സർക്കുലറിലൂടെ സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. 2015-ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം പ്രസ്തുത തുക ₹200/-യായി വർദ്ധിപ്പിച്ചിട്ടുണ്ട്.

വാടക കരാർ ചമച്ചതിന്റെ ആകെ ചെലവിൽ പാതി തുകയായ 10355/- വൌച്ചർ നം.22100500/09.02.2022 പ്രകാരം കേരള ഗ്രാമീൺ ബാങ്കിന് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/തീ. 12.04.2023) മറുപടി ലഭ്യമാക്കിയില്ല. വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങൾക്ക് കരാർ ചമയ്ക്കുമ്പോൾ അതിനുള്ള കരാർ ചെലവുകൾ വഹിക്കേണ്ടത് ലൈസൻസിയാണെന്നിരിക്കെ പാട്ടക്കരാർ എന്ന രീതിയിൽ കരാർ ചമച്ച് പാതി തുക ബാങ്കിന് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ ചെലവഴിച്ച ₹10,355/- ബാങ്കിൽ നിന്ന് തിരികെ ഈടാക്കുകയോ അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ എന്നിവരിൽ നിന്നും തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം 20 എന്നിവ പ്രകാരമുള്ള നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | വാർഷിക ഓഡിറ്റിനൊപ്പം പരിശോധിച്ചു | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1580000 | ലൈഫ് ഭവന പദ്ധതി ജനറൽ (79/22) | 1580000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

– ഇല്ല –

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല –

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് വായ്പയിനത്തിൽ ₹1,70,00,000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | തീയതി | | തുക ₹ | മുതൽ | പലിശ | തുക ₹ |
|---|---|---|---|---|---|---|
| ലൈഫ് പദ്ധതി | ലഭ്യമല്ല | ₹115561839 | ₹98561839/- | 16397252 | - | 99164587 |

ലൈഫ് വായ്പ തിരിച്ചടവ് ഇനത്തിൽ ആസ്തി പരിപാലന ഗ്രാന്റ് റോഡിതര വിഭാഗത്തിൽ നിന്ന് ₹1,84,051/- സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തിരുന്നുവെങ്കിലും അത് ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. ₹9,93,48,639/- തിരിച്ചടയ്ക്കാൻ ശേഷിക്കുന്നതായാണ് വാർഷിക കണക്കുകളിൽ സൂചിപ്പിക്കുന്നത്. അപാകത പരിഹരിച്ച് കണക്കുകൾ ക്രമീകരിക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

- ഇല്ല -

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹1,80,796/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗസ്ഥർ പ്പേരും | രശീത് നമ്പർ തീയതി | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|---|
| വ്യക്തമല്ല | വ്യക്തമല്ല | 180796 | ശ്രീ. പി. ജി. മോഹനൻ മുൻ സെക്രട്ടറി | 1210 40900033/ തീ. 22.03.22 | ബഹു. നിയമസഭാസമിതിയുടെ (2011-14) നിർദ്ദേശപ്രകാരം ടി ജീവനക്കാരന്റെ DCRG-യിൽ നിന്ന് വസൂലാക്കി ട്രഷറി അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്ത തുക |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 2-19, 3-28, 3-29, 3-30, | 2000-01 | 4-39 | വ്യാപകമായ തോതിൽ പണാപഹരണം | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | 3-31, 3-32, 3-34, 3-35, 3-37, 3-38, 3-39, 3-40 | | | | |
| 1997-98 | 3-26 | 2000-01 | 4-40 | വ്യാജരേഖ ചമച്ച് പണാപഹരണം | ലഭ്യമല്ല |
| 1997-98 | 3-31 | 2000-01 | 4-40 ബി | കിടാരി വിതരണം പദ്ധതിയിൽ ക്രമക്കേട് | ലഭ്യമല്ല |
| 1998-99 | 20ബി | 2002-03 | VII 6-12 | ചെക്ക് ലീഫ് മോഷ്ടിച്ച് ധനാപഹരണം | ലഭ്യമല്ല |
| 2000-01 | 20ബി, 26, 27 | 2003-04 | VII 6-12 | പഞ്ചായത്ത് ഫണ്ടിൽ നിന്നും പണാപഹരണം | ലഭ്യമല്ല |
| 2001-02 | 2-15 | 2005-06 | 31-1 | റോഡ് നിർമ്മാണം – വ്യാജരേഖ ചമച്ച് തുക പിൻവലിച്ചു | ലഭ്യമല്ല |
| 2014-15 | 2-3 | 2016-17 | അനുബന്ധം-3 | വസ്തു നികുതി അപാകതകൾ | ലഭ്യമല്ല |
| 2015-16 | 2-2 | 2016-17 | അനുബന്ധം-4 | വസ്തു നികുതി അപാകതകൾ | ലഭ്യമല്ല |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | ലഭ്യമല്ല |
| - | - | 2017-18 | അധ്യായം-6 | ഭൂമി ശാസ്ത്രപരമായും പാരിസ്ഥിതികമായുമുള്ള വിഭിന്ന സാഹചര്യങ്ങളാൽ സാമ്പത്തിക പരാധീനത നേരിടുന്ന ഗ്രാമപഞ്ചായത്തുകളിൽ പരിശോധന നടത്തിയതിന്റെ ഫലങ്ങൾ | ലഭ്യമല്ല |
| 2018-19 | 1-18 | 2019-20 | 3-1 ഇടുക്കി ജില്ല | വട്ടവട മാതൃക ഗ്രാമം – അപാകതകൾ | തൽസ്ഥിതി തുടരുന്നു |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

– ഇല്ല -

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹13096182.00 |
| വരവ് | ₹75558413.00 |
| ആകെ | ₹88,654,595.00 |
| ചെലവ് | ₹76746123.00 |
| നീക്കിയിരിപ്പ് | ₹11908472.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - ഇല്ല - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹24708355/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-13-3 | 24698000- | 14080000 | ശ്രീ. രാജേഷ് കെ., വി.ഇ.ഒ. |
| | | 4840000 | ശ്രീ. മാത്യു പി. സി., വി.ഇ.ഒ. |
| | | 5778000 | ശ്രീ. ജിതിൻ കെ. മങ്ങാട്, വി.ഇ.ഒ. |
| 1-19 | 10355- | 1480 | ശ്രീ. ആർ. നന്ദകുമാർ, സെക്രട്ടറി |
| | | 1479 | ശ്രീമതി വാണീശ്വരി |
| | | 1479 | ശ്രീമതി ആര്യമാല |
| | | 1480 | ശ്രീമതി ഗണപതിയമ്മാൾ ബാലൻ, പ്രസിഡന്റ് |
| | | 1479 | ശ്രീമതി ചെമ്മലർ |
| | | 1479 | ശ്രീമതി സുധ |
| | | 1479 | ശ്രീ. വേലായുധൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക – 1-13, 1-13-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ആർ. നന്ദകുമാർ<br>സെക്രട്ടറി | സെക്രട്ടറി ,<br>അടിമാലി ഗ്രാമപഞ്ചായത്ത് | TC20/672/2<br>ശ്രീരംഗം, പെരപ്പൂർ<br>മുക്കോലക്കൽ പി. ഒ.<br>തിരുവനന്തപുരം |
| ശ്രീ. രാജേഷ് കെ.<br>വി.ഇ.ഒ. | വി.ഇ.ഒ.<br>ബി.ഡി.ഒ ഓഫീസ്<br>കാറഡുക്ക, കാസറഗോഡ് | ബേത്തപ്പോറ കോമലി ഹൗസ്<br>വട്ടംതട്ട് (പി. ഒ.)<br>മൂളിയാർ<br>കാസറഗോഡ് |
| ശ്രീ. മാത്യു പി. സി.<br>വി.ഇ.ഒ. | ക്ലാർക്ക്<br>ഡയറി എക്സ്റ്റൻഷൻ ഓഫീസ്<br>കട്ടപ്പന | പന്നയമാക്കൽ<br>മാട്ടുക്കട്ട പി. ഒ.<br>ഇടുക്കി - 685515 |
| ജിതിൻ കെ. മങ്ങാട്<br>വി.ഇ.ഒ. | വി.ഇ.ഒ.<br>ബി.ഡി.ഒ. ഓഫീസ്<br>കോതമംഗലം, എറണാകുളം | മങ്ങാട് പുത്തൻപുരയിൽ<br>എൻ.ജി.ഒ. ക്വാർട്ടേഴ്സ് നം. 34<br>മൂവാറ്റുപുഴ പി.ഒ, എറണാകുളം |
| ശ്രീ. വേലായുധൻ<br>മെമ്പർ | | 4/68<br>തച്ചുവീട്, കൊട്ടക്കമ്പൂർ<br>പിൻ – 685615 |

| | | |
|---|---|---|
| ശ്രീമതി ഗണപതിയമ്മാൾ ബാലൻ<br>പ്രസിഡന്റ് | | 9/99<br>വട്ടവട<br>കോവിലൂർ – 685615 |
| ശ്രീമതി ആര്യമാല<br>മെമ്പർ | | സ്വാമിയാറളക്കുടി<br>കൊട്ടക്കമ്പൂർ<br>പിൻ – 685615 |
| ശ്രീമതി വാണീശ്വരി<br>മെമ്പർ | | 1/22<br>കൂടലാർകുടി<br>കൊട്ടക്കമ്പൂർ<br>പിൻ – 685615 |
| ശ്രീമതി ചെമ്മലർ<br>മെമ്പർ | | 3/45<br>ചെമ്മലർ വീട്<br>കടവരി, കൊട്ടക്കമ്പൂർ<br>പിൻ – 685615 |
| ശ്രീമതി സുധ<br>മെമ്പർ | | 1/51<br>കൂടലാർകുടി, കൊട്ടക്കമ്പൂർ<br>പിൻ – 685615 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1964-65<br>1977-78 | എൽ.എഫ്.ഐ5/297/82/<br>തീ. 08.07.82 | | |
| 1978-79<br>1979-80 | എൽ.എഫ്.ഐ-5/429/81/<br>തീ. 08.08.82 | | |
| 1980-81 | എൽ.എഫ്.ഐ-5/645/82/<br>തീ. 20.09.82 | | |
| 1981-82 | എൽ.എഫ്.ഐ-6/937/84/<br>തീ. 03.01.85 | | |
| 1982-83<br>1983-84 | എൽ.എഫ്.ഐ7/316/86/<br>തീ. 12.01.86 | | |
| 1984-85 | എൽ.എഫ്.ഐ-7/1069/88/<br>തീ. 28.01.89 | | |
| 1985-86 | എൽ.എഫ്.ഐ-7/1070/88/<br>തീ. 28.01.89 | | |
| 1986-87 | എൽ.എഫ്.ഐ-7/229/90/<br>തീ. 11.04.90 | | |
| 1987-88 | എൽ.എഫ്.ഐ-7/359/91/<br>തീ. 11.07.91 | | |
| 1988-89<br>1991-92 | എൽ.എഫ്.ഐ-6/616/93/<br>തീ. 24.03.91 | | |

| | | | |
|---|---|---|---|
| 1992-93 | എൽ.എഫ്.ഐ-7/364/95/ തീ. 07.09.95 | | |
| 1996-97 | എൽ.എഫ്.ഐ-9/683/2000/ തീ. 02.01.2001 | 12 | 19, 28, 29, 30, 31,32, 34, 36-40, |
| 1997-98 | എൽ.എഫ്.ഐ-9/684/2000/ തീ. 02.01.2001 | 04 | 21, 26, 30, 31 |
| 1998-99 | എൽ.എഫ്.ഐ-9/264/ 2002/10.06.2002 | 04 | 20ബി, 26, 41, 42 |
| 1999-00 | എൽ.എഫ്.ഐ-9/403/2002/ തീ. 24.08.2002 | 04 | 22, 23, 24, 26 |
| 2000-01 | എൽ.എഫ്.ഐ-9/199/2003/ തീ. 10.03.2003 | 09 | 20, 24, 25, 26, 27, 28, 30, 31, 32 |
| 2001-02 | എൽ.എഫ്.ഐ-9/342/2005/ തീ. 05.11.2005 | 7 | 2-15, 2-16, 2-17, 2-18 |
| 2002-03 | എൽ.എഫ്.ഐ-9/343/2005/ തീ. 05.11.2005 | 6 | 2-6, 2-9, 2-10, 2-11, 2-12, 3-1 |
| 2003-04 | എൽ.എഫ്.ഐ-9/75/2007/ തീ. 07.03.2007 | 6 | 2-2, 2-3 ,2-7 |
| 2004-05 | എൽ.എഫ്.ഐ-9/206/2007/ തീ. 07.03.2007 | 8 | 2-1, 2-2, 2-3, 3-1 To 3-5 |
| 2005-06 | എൽ.എഫ്.ഐ-9/946/2007/ തീ. 27.05.2008 | 5 | 2-1, 2-2, 2-4, 2-6, 3-7 |
| 2006-07 | എൽ.എഫ്.ഐ-9/213/2009/ തീ. 08.09.2009 | 6 | 2-1, 2-2, 2-3, 2-5, 3-1, 3-2 |
| 2007-08 | എൽ.എഫ്.ഐ-14/78/12/ തീ. 25.03.12 | 9 | 2-2, 3-1 മുതൽ 3-8 വരെ |
| 2008-09 | എൽ.എഫ്.ഐ-14/1001/14/ തീ. 24.01.15 | 11 | 2-2, 3-2, 3-3, 3-5 മുതൽ 3-12 വരെ |
| 2009-10 | എൽ.എഫ്.ഐ-14/1233/2011/ തീ. 27.12.12 | 15 | 2-1, 2-3, 3-1, 3-3 മുതൽ 3-13 |
| 2010-11 | എൽ.എഫ്.ഐ-14/905/14/ തീ. 08.02.15 | 21 | 2-1, 2-4, 3-1 മുതൽ 3-16 വരെ 2-18 |
| 2011-12 | എൽ.എഫ്.ഐ-14/905/14/ തീ. 08.02.15 | 21 | 2-1, 2-4, 3-1 മുതൽ 3-16, 2-18 |
| 2012-13 | എൽ.എഫ്.ഐ-14/1439/15/ തീ. 31.12.15 | 9 | 3-1 മുതൽ 3-9 വരെ |
| 2013-14 | എൽ.എഫ്.ഐ-14/1439/15/ തീ. 31.12.15 | 9 | 3-1 മുതൽ 3-9 വരെ |
| 2014-15 | എൽ.എഫ്.ഐ-14/157/17/ തീ. 13.02.17 | 6 | 2-1 മുതൽ 2-3 വരെ 3-1 മുതൽ 3-3 വരെ |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-6/508/17/ തീ. 19.04.17 | 7 | 2-1, 2-3<br>2-1 മുതൽ 2-3 വരെ<br>3-1 മുതൽ 3-4 വരെ |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-6/289/18/ തീ. 12.03.18 | 14 | 2-1 മുതൽ 2-3 വരെ<br>3-1 മുതൽ 3-10വരെ<br>3-12 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-06/686/19 തീ:09.07.2019 | 23 | 1-12, 2-1 മുതൽ 2-7 വരെ 3-1 മുതൽ 3-13 വരെ,<br>4-7 & 4-10 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-06/1008/19 തീ:16.12.2019 | 19 | 1-9, 1-11 മുതൽ 1-23 വരെ, 1-25, 1-26, 1-27, 3-1, 4-8, 4-11 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ13-1253/2021 തീ.10.03.2022 | 28 | 1-3-1, 1-4, 1-8 മുതൽ 1-18 വരെ, 2-1, 2-2, 3-1, 3-2, 3-3, 4-2 മുതൽ 4-11 വരെ |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ13-1254/2021 തീ. 10.03.2022 | 13 | 1-3-2, 1-10, 1-11, 1-12, 1-13 To 1-17(3-1 To 3-5), 1-18, 1-19, 1-20, 2-1 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്